I.ഇ.ബി. XIIകേരള നിയമസഭ/XI-4

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ജൂൺ 25, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിര പ്രമേയം**

വിഴിഞ്ഞം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് പദ്ധതിയുടെ അനിശ്ചിതാവസ്ഥ

മി.സ്പീക്കർ: വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് പദ്ധതിയുടെ നിർമ്മാണപ്രവർത്തനത്തിൽ നിന്ന് ലാൻകോ കൊണ്ടപ്പള്ളി പിന്മാറിയതോടെ പദ്ധതി നേരിടുന്ന അനിശ്ചിതത്വവും പ്രതിസന്ധിയുംമൂലം ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി.സി.ജോർജ്, ജോർജ് മേഴ്സിയർ, ജോസഫ് എം. പുതുശ്ശേരി, വി.കെ.ഇബ്രാഹിം കുഞ്ഞ്, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം.വിജയകുമാർ): വിഴിഞ്ഞം അന്താ രാഷ്ട്ര കണ്ടെയ്നർ ട്രാൻഷിപ്മെന്റ് പദ്ധതി നടപ്പാകുമോയെന്ന കാര്യം ഇപ്പോഴും ആശങ്കയിൽത്തന്നെയാണ്. സർക്കാരിന്റെ പിടിപ്പുകേടും സുതാര്യ മല്ലാത്ത പ്രവർത്തനവുമാണ് പദ്ധതി അവതാളത്തിലാകാൻ കാരണമെന്ന് പറയുന്നത് ശരിയല്ല. ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ സെക്യൂരിറ്റി ക്ളിയറൻസ് ലഭിച്ചിട്ടില്ല. കരാർ അനുസരിച്ച് പണി നടന്നിരുന്നുവെങ്കിൽ മൂന്ന് വർഷംകൊണ്ട് പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയാക്കി ട്രാൻസ്ഷി പ്പ്മെന്റ് ആരംഭിക്കാമായിരുന്നു. ഇത് സംബന്ധിച്ച് ചർച്ച ചെയ്യാൻ സർക്കാർ സർവ്വകക്ഷിയോഗം വിളിക്കുകയും പ്രതിപക്ഷ നേതാവ് പ്രധാനമന്ത്രിയുമായി ചർച്ച നടത്തുകയും ചെയ്തെങ്കിലും പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ടു പോയില്ല. സർവ്വകക്ഷിയോഗത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്ളോബൽ ടെൻഡർ വിളിക്കാൻ തീരുമാനിച്ചത്. എന്നാൽ ഇപ്പോൾ ഗ്ളോബൽ ടെൻഡർ സംബന്ധിച്ചാണ് വിവാദമുണ്ടായിരിക്കുന്നത്. ഇക്കാര്യത്തിൽ മുൻ സർക്കാർ എടുത്ത നടപടികൾ അതേപടി തുടരുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. ഇപ്പോഴത്തെ കരാറുകാരനായ ലാൻകോ കൊണ്ടപ്പള്ളി പദ്ധതിയിൽ നിന്നും പിന്മാറുന്നത് സംബന്ധിച്ച് കത്തയച്ചിരിക്കുകയാണ്. 'സൂം' കമ്പനിയുടെ കരാർ തള്ളപ്പെട്ടതുസംബന്ധിച്ചുള്ള കേസ് സുപ്രീംകോടതി രണ്ട് തവണ പരി ശോധിച്ച് അംഗീകരിച്ചതാണ്. വീണ്ടും പരാതി നൽകിയപ്പോൾ കോടതി സൂം ഡെവലപ്പേഴ്സിനോട് കേരള ഹൈക്കോടതിയെ സമീപിക്കാൻ പറഞ്ഞു. ഇതിനുശേഷം ഗവൺമെന്റ് വീണ്ടും സൂമിന്റെ ഗ്ളോബൽ ടെൻഡറിൽ വരുന്ന ആർ.എഫ്.പി. ഡോക്യൂമെന്റ്സ് ടെക്നിക്കൽ അഡ്വൈസറായ

ഇൻ്റർനാഷണലി റെപ്യൂട്ടഡ് കമ്പനിയെക്കൊണ്ട് രണ്ട് തവണ പരിശോധിപ്പിച്ചു. എന്നിട്ടും അവർ ക്വാളിഫൈഡ് ആയില്ല. പരാതിക്കാരൻ തള്ളപ്പെടുകയും നിലവിലുള്ള കരാറുകാരൻ പിന്മാറുകയും ചെയ്ത സ്ഥിതി വിശേഷമാണ് നിലവിലുള്ളത്. വിവാദങ്ങളിലേയ്ക്ക് പോകാതെ ഒത്തൊരുമിച്ച് ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കണമെന്നതാണ് ഗവൺമെന്റിന്റെ സമീപനം. പദ്ധതി നടപ്പാക്കണം എന്നുതന്നെയാണ് സർക്കാരിന്റെ ആഗ്രഹം. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. പി.സി. ജോർജ് : വിഴിഞ്ഞം പദ്ധതി പ്രാവർത്തികമാക്കുന്നതിന് രാഷ്ട്രീയ വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി നിൽക്കണം. പദ്ധതിയെ സംബന്ധിച്ച് നിലവിലുള്ള സാഹചര്യം തരണം ചെയ്യാൻ വേണ്ട പ്രൊപ്പോസൽ വയ്ക്കുകയും നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളം നടപ്പാക്കിയ രീതി അവലംബിക്കുകയും ചെയ്യണം. ലാൻകോ കൊണ്ടപ്പള്ളി എന്ന കമ്പനിക്ക് വിഴിഞ്ഞം പദ്ധതിയുടെ ടെണ്ടർ ഉറപ്പിച്ചുനൽകിയതിനെതിരെ ഹൈക്കോടതി വിധി ഉണ്ടായപ്പോൾ നിയമ നടപടികൾ പൂർത്തിയാക്കി മുന്നോട്ടുപോയിരുന്നുവെങ്കിൽ കൃത്യസമയത്തുതന്നെ പദ്ധതി പ്രവർത്തനം തുടങ്ങാമായിരുന്നു. ബിഡ് ഇവാല്യുവേഷൻ കമ്മിറ്റിയുടെ ഭാഗത്തു നിന്നുമുണ്ടായ വീഴ്ചയാണ് കാലതാമസത്തിനും പദ്ധതിക്ക് ക്ളിയറൻസ് കിട്ടാത്ത സാഹചര്യവുമുണ്ടാക്കിയത് എന്നാണ് മന്ത്രി പറയുന്നത്. ടെണ്ടറിൽ പങ്കെടുത്ത എല്ലാ കമ്പനികളുടേയും ടെണ്ടർ സെക്യൂരിറ്റി ക്ളിയറൻസിന് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് അയയ്ക്കുന്നതിന് പകരം ലാൻകോ കമ്പനിയുടെ ടെണ്ടർ മാത്രം അയച്ചുകൊടുത്തത് വഴി പദ്ധതി പ്രവർത്തനം ആരംഭിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഗുരുതരമായ വീഴ്ച വരുത്തിയിരി

ക്കുകയാണ്. ബിഡ്ഡ് സമർപ്പിക്കുമ്പോൾ നൽകുന്ന ബാങ്ക് ഗ്യാരന്റിയുടെ കാലാവധി കഴിഞ്ഞതിനാൽ 5 കോടി രൂപയുടെ നഷ്ടം ആ ഇനത്തിലും ഉണ്ടായിരിക്കുന്നു. ലാൻകോ കമ്പനി പദ്ധതി പ്രവർത്തനത്തിൽ നിന്നും ഒഴിഞ്ഞുമാറിയാൽ യാതൊരുവിധ മൂല്യവും ഗവൺമെന്റിന് ഈടാക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. കൺസൾട്ടിംഗ് ഫീസ് ഇനത്തിൽ 3 കോടി രൂപ പ്രസ്തുത കമ്പനി ഈടാക്കുകയും ചെയ്തു. അന്താരാഷ്ട്ര തുറമുഖ ലോബികൾ ഈ പദ്ധതിയെ തുരങ്കം വയ്ക്കാൻ ശ്രമിക്കുകയാണ്. വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സർവ്വകക്ഷിയോഗം വിളിക്കാൻ തയ്യാറാകണം. പ്രസ്തുത പ്രശ്നം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): രാഷ്ട്രീയ വ്യത്യാസമില്ലാതെ കൂടിയാലോചിച്ച് വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകണം. ഒരു അന്തർദ്ദേശീയ തുറമുഖമെന്ന നിലയിൽ വിഴിഞ്ഞം പദ്ധതി കേന്ദ്ര ഗവണ്മെന്റ് ഏറ്റെടുക്കണം. പദ്ധതി യാഥാർത്ഥ്യമായാൽ ട്രാൻസ്ഷിപ്മെന്റിൽക്കൂടി പ്രതിവർഷം ആയിരം കോടി രൂപയുടെ വിദേശനാണ്യം കേന്ദ്ര സർക്കാരിന് ലഭിക്കും. വിവാദത്തിൽപ്പെട്ട് വിഴിഞ്ഞം തുറമുഖം നഷ്ടപ്പെടാൻ പാടില്ല. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമായാൽ വിദേശ തുറമുഖങ്ങളെ ബാധിക്കുമെന്നതിനാൽ വിദേശ തുറമുഖ ലോബികൾ ഇതിനെതിരെ ശക്തമായി രംഗത്തുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി) : വിഴിഞ്ഞം തുറമുഖ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കണം. സംസ്ഥാനത്തിന്റെ അനുകൂല സാഹചര്യങ്ങൾ പ്രയോജനപ്പെടുത്താൻ സാധിക്കണം. സെക്യൂരിറ്റി ക്ളിയ

റൻസിന്റെ പേരിലാണ് പുതിയ ടെണ്ടർ ക്ഷണിച്ച് സൂം ഡവലപ്പേഴ്സിനെ പുറത്താക്കി ലാൻകോയെ സെലക്ട് ചെയ്തത്. നിയമപ്രശ്നം തീരുകയും സെക്യൂരിറ്റി ക്ളിയറൻസ് ലഭിക്കുകയും ഗവൺമെന്റ് ലാൻകോയ്ക്ക് അനുകൂലമായി തീരുമാനമെടുക്കുകയും ചെയ്ത സാഹചര്യത്തിൽ ലാൻകോ പിൻമാറിയതിനെക്കുറിച്ച് സംശയിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള രീതികളിൽനിന്നും വ്യതിചലിച്ചുകൊണ്ട് വിഴിഞ്ഞം പദ്ധതി കേന്ദ്രം ഏറ്റെടുക്കണമെന്നു പറഞ്ഞ് വിവാദത്തിലേയ്ക്ക് പോകുന്നത് ശരിയല്ല. വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് പ്രതിപക്ഷം എല്ലാവിധ പിന്തുണയും നൽകുന്നതാണ്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ കൂടിയാലോചിച്ചുകൊണ്ട് കാലവിളംബം കൂടാതെ വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാക്കാനുള്ള ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും.

മി. സ്പീക്കർ: വിഴിഞ്ഞം പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് പ്രതിപക്ഷ നേതാവും മന്ത്രിയും പ്രകടിപ്പിച്ച വികാരത്തിൽ നിന്നും കക്ഷി രാഷ്ട്രീയം മറന്ന് സഭ ഒരുപോലെയാണ് ചിന്തിക്കുന്നതെന്ന് വ്യക്തമായതുകൊണ്ട് ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

**ശ്രദ്ധ ക്ഷണിക്കൽ**

(1) <u>തൊഴിൽ നിയമം പാലിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പുതുതലമുറ ബാങ്കുകൾ, ഐ.ടി. സ്ഥാപനങ്ങൾ, സ്വകാര്യ ഇൻഷ്വറൻസ്-ധനകാര്യ സ്ഥാപനങ്ങൾ എന്നിവ തൊഴിൽ നിയമങ്ങൾ പാലിക്കാതിരിക്കുന്നതുമൂലം തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമുണ്ടാക്കണം. ന്യൂ ജനറേഷൻ ബാങ്കുകൾ ഒരു ദിവസം എട്ട് മണിക്കൂർ ജോലി എന്ന നിയമം പാലിക്കുന്നില്ല. സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾ അപ്പോയിന്റ്മെന്റ് ഓർഡറോ പറയുന്ന ശമ്പളമോ കൊടുക്കാറില്ല. ആറ് മാസം കഴിയുമ്പോൾ പിരിച്ചുവിടുകയും ചെയ്യുന്നു. തൊഴിൽ നിയമം അനുശാസിക്കുന്ന രീതിയിൽ പി.എഫ്. അടയ്ക്കണമെന്നുണ്ടെങ്കിലും അത് അടയ്ക്കുന്നുണ്ടോയെന്ന് അന്വേഷിക്കുകയോ അടച്ചാൽ തുക തിരികെ കൊടുക്കുകയോ ചെയ്യുന്നില്ല. തൊഴിൽ നിയമങ്ങൾ പാലിക്കാതെ സ്പെഷ്യൽ ഇക്കണോമിക് സോണിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച് അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. ഗുരുദാസൻ</u>): സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പുതുതലമുറ ബാങ്കുകൾ, ഐ.ടി. സ്ഥാപനങ്ങൾ, സ്വകാര്യ ഇൻഷ്വറൻസ്-ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ തൊഴിൽ നിയമ ലംഘനം തടയാനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്പെഷ്യൽ ഇക്കണോമിക് സോണിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ തൊഴിൽ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. ഇത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ അവകാശങ്ങൾ ലഭ്യമാക്കാൻ കേന്ദ്ര തൊഴിലാളി സംഘടനകൾ മുൻകൈയെടുക്കണം. ഈ

സ്ഥാപനങ്ങളിൽ ജോലിക്കാരെ നിർബാധം നിയമിക്കുകയും ശമ്പളം കൃത്യമായി കൊടുക്കാതിരിക്കുകയും പിരിച്ചുവിടുകയും ചെയ്യുന്നത് സംബന്ധിച്ച് പരാതി ലഭിച്ചാൽ അവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിക്കുന്നതാണ്. സ്ഥാപനം നില നിലനിർത്താനും അതോടൊപ്പം തൊഴിലാളികളെ സംരക്ഷിക്കാനും സംഘടനകൾ ശ്രദ്ധിക്കണം.

(2) <u>സ്പെഷ്യാലിറ്റി അഡ്മിനിസ്ട്രേറ്റീവ് കേഡർ സമ്പ്രദായം</u>

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u>: സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിലും പി.എച്ച്.സി. കളിലും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്ന സ്പെഷ്യാലിറ്റി അഡ്മിനിസ്ട്രേറ്റീവ് കേഡർ സമ്പ്രദായം നടപ്പാക്കണം. കഴിഞ്ഞ മൂന്നുവർഷംകൊണ്ട് ആരോഗ്യരംഗത്ത് ജനങ്ങൾക്കുപകാരപ്രദവും ക്രിയാത്മകവുമായ മാറ്റം വരുത്താൻ കഴിഞ്ഞിട്ടു ണ്ട്. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളിലും സി.എച്ച്.സി. കളിലു ം സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തണം. ഐ.പി സൗകര്യമുള്ള സി.എച്ച്.സി. കളിലും ഗൈനക്കോളജിസ്റ്റ് ഇല്ലാത്ത ആദിവാസി മേഖലയിലെ ഗവൺമെന്റ് ആശുപത്രികളിലും സ്പെഷ്യ ലൈസ്ഡ് ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):</u> കേരളത്തിൽ സ്പെഷ്യാലിറ്റി സംവിധാനം നടപ്പിലാ ക്കുന്നതിന് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. മാനേജ്മെന്റിലും പബ്ലിക് ഹെൽത്തിലും അഡ്മിനിസ്ട്രേഷനിലും പ്രത്യേക പരിശീലനം കൊടുത്തുകൊണ്ട് ഡോക്ടർമാരെ അഡ്മിനിസ്ട്രേറ്റീവ് കേഡറിൽ നില നിർത്തുന്നതിന് ആലോചിക്കുന്നുണ്ട്. അഡ്മിനിസ്ട്രേറ്റീവ് കേഡറിലേയ്ക്കും

സ്പെഷ്യാലിറ്റി കേഡറിലേയ്ക്കും 2031 തസ്തികകൾ പുനർവിന്യസിച്ചു കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. ഈ സമ്പ്രദായം നടപ്പിലാക്കുമ്പോൾ 498 അധികം തസ്തികകൾ ഉണ്ടാകുന്നു. ബാക്കിയുള്ളവ പുനർ നാമകരണത്തിലൂടെ സ്പെഷ്യാലിറ്റി അഡ്മിനിസ്ട്രേറ്റീവ് കേഡറിൽ ഉൾപ്പെ ടുത്തിയിട്ടുള്ളതാണ്. സ്പെഷ്യാലിറ്റി കേഡറിൽ 1624 ഡോക്ടർമാരുണ്ടാകും. മെഡിസിനിൽ എം.ഡി. യുള്ള 90 പേരും സർജറിയിൽ എം.എസ്. ഡിഗ്രി യുള്ള 92 പേരും കൂടുതലായി ആവശ്യമുണ്ട്. ആദ്യഘട്ടത്തിൽ 100 കിടക്ക കളുള്ള ആശുപത്രികളിലായിരിക്കും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ പ്രധാന മായും നിയമിക്കുക. നിർബന്ധിത സേവനത്തിന്റെ ഭാഗമായി നിയമനം ലഭിക്കുന്ന ഡോക്ടർമാരിൽ ഡിപ്ലോമക്കാരെയും സ്പെഷ്യലിസ്റ്റുകളെയും താഴെത്തട്ടിലുള്ള പി.എച്ച്.സി. കളിലും നിയോഗിക്കാവുന്നതാണ്. സാധാരണ അസുഖങ്ങൾക്ക് പി.എച്ച്.സി. കളിലും സി.എച്ച്.സി. കളിലും ചികിൽസ ലഭ്യമാക്കുന്നതിനും വിദഗ്ദ്ധ ചികിൽസ ആവശ്യമുള്ളവരെ താലൂക്ക്-ജില്ലാ ആശുപത്രികളിലേയ്ക്ക് അയയ്ക്കുന്നതിന് ഒരു റഫറൽ സിസ്റ്റം കൊണ്ടു വരുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. പി.എച്ച്.സി. കളിലും താലൂക്ക് ആശുപത്രികളിലും ഗൈനക്കോളജിസ്റ്റിന്റെ സേവനം ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. കൂടുതൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ കിട്ടുന്നതിനായി സർവ്വീസിലുള്ളവർക്ക് പി.ജി. ക്ക് പ്രത്യേക ക്വാട്ട അനുവദി ക്കുന്നതിന് നിയമം പാസ്സാക്കിയിട്ടുണ്ട്.

**സബ്മിഷൻ**

(1) മോട്ടിൽ തമ്പായിയുടെ മക്കളുടെ സംരക്ഷണം

ശ്രീ. കെ. കുഞ്ഞിരാമൻ: തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചീമേനിയിൽ എയ്ഡ്സ് രോഗം ബാധിച്ച് മരിച്ച മോട്ടിൽ തമ്പായിയുടെ ഏഴും പന്ത്രണ്ടും പതിനഞ്ചും വയസ്സ് പ്രായമുള്ള കുട്ടികളെ സർക്കാർ ഏറ്റെടുത്ത് കോഴിക്കോട് പുവർഹോമിൽ പാർപ്പിക്കുന്നതിനും പ്രായപൂർത്തിയാകുമ്പോൾ അവർക്ക് താമസിക്കാൻ സ്വന്തമായി വീടും മറ്റ് സൗകര്യങ്ങളും കൊടുക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): മോട്ടിൽ തമ്പായിയുടെ മക്കളെ സംരക്ഷിക്കുന്ന കാര്യം സർക്കാർ പ്രത്യേകം പരിഗണിക്കുന്നതാണ്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): ഈ കുട്ടികളെ കോഴിക്കോട് പുവർ ഹോമിൽ പാർപ്പിക്കുന്നതിന് എത്രയുംപെട്ടെന്ന് നടപടികൾ സ്വീകരിക്കുന്നതാണ്.

(2) പി. എസ്. സി. നിയമനങ്ങളിലെ കാലതാമസം

ശ്രീ. കെ. ബാബു: സംസ്ഥാനത്ത് പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ കാലതാമസം കൂടാതെ നടത്തുന്നതിനും പിൻവാതിൽ നിയമനം തടയുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): 2007-08 വർഷങ്ങളിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ്സിന്റെ തസ്തികകളിലും മറ്റ്

ധാരാളം തസ്തികകളിലും റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലും നിയമന ശുപാർശകൾ നടത്തുന്നതിലും ലോക്സഭ തെരഞ്ഞെടുപ്പ് നടന്നതുമൂലം കാലവിളംബമുണ്ടായിട്ടുണ്ട്. സുപ്രീംകോടതിയിൽ സംവരണം സംബന്ധിച്ച കേസ്സ് നിലനിൽക്കുന്നതുമൂലം നിയമന ശുപാർശ അയയ്ക്കുന്നതിന് അഞ്ചുമാസത്തോളം തടസ്സം നേരിട്ടുവെന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്. എന്നാൽ 2009 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ 11,000-ൽപ്പരം നിയമന ശുപാർശ കൾ നടത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്ന് 212 പേർക്കുള്ള നിയമന ശുപാർശ ഉടൻതന്നെ അയയ്ക്കുന്നതാണ്. സംസ്ഥാനത്ത് പിൻവാതിൽ നിയമനങ്ങളൊന്നും തന്നെ നടക്കുന്നില്ല.

(3) ജനന-മരണ സർട്ടിഫിക്കറ്റുകൾ ലഭിക്കാനുള്ള കാലതാമസം

ശ്രീ. ആനത്തലവട്ടം ആനന്ദൻ: താലൂക്കാശുപത്രികൾ സ്ഥിതിചെയ്യുന്ന പഞ്ചായത്തുകളിൽ ജനന-മരണ രജിസ്ട്രേഷനുകളുടെ എണ്ണം കൂടുതലായതിനാലും ആവശ്യത്തിന് ജീവനക്കാരില്ലാത്തതുകൊണ്ടും ജനന-മരണ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. ഡി.ഡി.പി. ഓഫീസിലും പഞ്ചായത്ത് ഡയ റക്ടറേറ്റിലും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): കൃത്യമായ വിവരങ്ങൾ ചേർത്ത് ശരിയായി സമർപ്പിക്കുന്ന അപേക്ഷകളിൽ ജനന-മരണ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നില്ല. ജനന-മരണങ്ങൾ കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിനായി പ്രധാനപ്പെട്ട ആശുപത്രികളോടനുബന്ധിച്ച് കിയോസ്കുകൾ പ്രവർത്തിക്കുന്നതിനാൽ ഓൺലൈനിൽകൂടി ബന്ധപ്പെട്ട

തദ്ദേശ സ്ഥാപനങ്ങളിലേയ്ക്ക് രജിസ്റ്റർ ചെയ്യാൻ കഴിയും. സംസ്ഥാനത്തെ എല്ലാ ആശുപത്രികളേയും ഈ സംവിധാനവുമായി ബന്ധിപ്പിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. താരതമ്യേന കൂടുതൽ ജനനം നടക്കുന്നതിനാൽ എല്ലാ താലൂക്കാശുപത്രികളിലും ഇതിനോടകം തന്നെ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജീവനക്കാരുടെ അപര്യാപ്തത അതാത് സ്ഥലത്ത് പരിഹരിച്ചുകൊണ്ടിരിക്കുന്നു.

(4) <u>അറബിക് സ്പെഷ്യൽ ഓഫീസർ നിയമനം</u>

<u>ശ്രീ. യു.സി. രാമൻ:</u> കേന്ദ്ര സർക്കാരിന്റെ മദ്രസ നവീകരണ ഫണ്ട് അർഹരായവർക്ക് വിതരണം ചെയ്യുന്നതുൾപ്പെടെയുള്ള ജോലികളുടെ ചുമതലയുള്ള അറബിക് സ്പെഷ്യൽ ഓഫീസർ തസ്തിക രണ്ട് വർഷത്തിലേറെയായി ഒഴിഞ്ഞുകിടക്കുകയാണ്. പത്ത് വർഷം ഐ.എം.ഇ. ആയി ജോലി ചെയ്തിരിക്കണമെന്ന നിലിവിലുള്ള നിബന്ധന എടുത്തുകളഞ്ഞ് അടിയന്തിരമായി അറബിക് സ്പെഷ്യൽ ഓഫീസർ തസ്തികയിൽ നിയമനം നടത്തണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി):</u> മറ്റൊരു ഉദ്യോഗസ്ഥന് അധിക ചുമതല നൽകിയിരിക്കുന്നതിനാൽ മദ്രസ നവീകരണ ഫണ്ട് വിതരണവുമായി ബന്ധപ്പെട്ട ജോലികൾ പൂർത്തിയാക്കുന്നതിന് ഇപ്പോൾ തടസ്സങ്ങളൊന്നുമില്ല. പത്ത് വർഷം ഐ.എം.ഇ ആയി പ്രവർത്തിച്ചവരെ മാത്രമേ സ്പെഷ്യൽ ഓഫീസറായി നിയമിക്കാവൂ എന്ന് നിയമത്തിൽ ഭേദഗതി വരുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഏറ്റവും സീനിയറായ ഒരാളെ എല്ലാ അധികാരങ്ങളോടും കൂടി ഈ ഉത്തരവാദിത്തം ഏൽപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(5) മറാഠി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽപ്പെടുത്തുന്നത് സംബന്ധിച്ച്

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: കാസർഗോഡ് ജില്ലയിലെ മറാഠി സമുദായത്തെ പട്ടികഗോത്രവർഗ്ഗ ലിസ്റ്റിൽനിന്ന് ഒഴിവാക്കിയതോടുകൂടി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ആനുകൂല്യങ്ങൾ അവർക്ക് നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ വിഭാഗത്തെ എസ്.ടി. പട്ടികയിൽ ഉൾപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയും അതുവരെ ഈ വിഭാഗത്തെ എസ്.സി/.ബി.സി.യിലോ ഒ.ബി.സി.യിലോ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

പട്ടികസമൂദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): കേന്ദ്ര സർക്കാരിന്റെ 2002-ലെ നിയമ പ്രകാരം ഈ സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽനിന്ന് ഒഴിവാക്കിയിരിക്കുകയാണ്. ഇവരെ പട്ടികവർഗ്ഗ ലിസ്റ്റിൽ വീണ്ടും ഉൾപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അപേക്ഷിക്കുകയും കേന്ദ്ര ട്രൈബൽ അഫയേഴ്സ് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തുവെങ്കിലും സംസ്ഥാന സർക്കാർ സമർപ്പിച്ച വിശദാംശങ്ങൾ പര്യാപ്തമല്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിരിക്കുകയുമാണ്. ഇവരെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയാൽ വിദ്യാഭ്യാസ ആനുകൂല്യം നഷ്ടപ്പെടുമെന്നുള്ളതുകൊണ്ട് ഇക്കാര്യം വീണ്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(6) ഡോക്ടർമാരുടെ ഒഴിവുകൾ

ശ്രീ. ബി. ബാബുപ്രസാദ്: ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ ഉച്ചയ്ക്ക് ഒരു മണിക്ക് ശേഷം ഒരു ഡ്യൂട്ടി ഡോക്ടറെക്കൂടി നിയമിക്കാനും

അവിടത്തെ ട്രോമാ കെയർ യൂണിറ്റ് പ്രവർത്തനക്ഷമമാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ 14 ഡോക്ടർമാർ വേണ്ട സ്ഥാനത്ത് ഇപ്പോൾ ഒരു സിവിൽ സർജനൊഴികെ 13 ഡോക്ടർമാരുണ്ട് കാഷ്വാലിറ്റി ഡോക്ടറുടെ സേവനം 24 മണിക്കൂറും ലഭിക്കും. ഒ.പി കഴിഞ്ഞാലും ഡ്യൂട്ടി ഡോക്ടർമാരുണ്ടാകും. ട്രോമാ കെയർ യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ കുറച്ച് കാര്യങ്ങൾ കൂടി ചെയ്യാനുണ്ട്.

(7) വായ്പകൾ എഴുതിത്തള്ളൽ

ശ്രീ. എം. മുരളി: വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ നിന്നും പിരിഞ്ഞുകിട്ടാനുള്ള കടം എഴുതിത്തള്ളാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ കടക്കെണിയിൽപ്പെട്ട പാവപ്പെട്ടവരുടേയും ഹഡ്കോയുടെ ക്ലാസിഫിക്കേഷനിലുള്ള താഴ്ന്ന വരുമാനക്കാരുടേയും മൈത്രി ഭവന പദ്ധതിയിൽ നിന്ന് വായ്പയെടുത്തിട്ടുള്ളവരുടേയും വായ്പകളും മരണപ്പെട്ടവരുടേയും രോഗികളുടേയും വായ്പകളും റിലീഫ് ഫണ്ട് ആവിഷ്ക്കരിച്ചുകൊണ്ട് എഴുതിത്തള്ളണം. പിഴപ്പലിശ ഒഴിവാക്കിക്കൊണ്ട് വൺ ടൈം സെറ്റിൽമെന്റ് അടിയന്തിരമായി പുനരാരംഭിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): 20-05-09-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ 35,000 രൂപ വരെ വായ്പ എടുത്തിട്ടുള്ള ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർ മുതലും പലിശയുടെ അമ്പത് ശതമാനവും അടച്ചാൽ

മതിയെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ മരിച്ചുപോയ കുടുംബങ്ങൾക്കും കാൻസർ പോലുള്ള മാരകരോഗം ബാധിച്ച കുടുംബാംഗങ്ങളുള്ളവർക്കും അപകടത്തിൽപ്പെട്ട് 50 ശതമാനം അംഗവൈകല്യം സംഭവിച്ചവർക്കും ജന്മനാ അംഗവൈകല്യമുള്ളവർക്കും ലോൺ തുക മാത്രം അടച്ചാൽ മതി. വളരെ പാവങ്ങളായവർക്ക് മൂന്ന് ഗഡുക്കളായി മുതൽ മാത്രം അടയ്ക്കാനും സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ വിഷയത്തിന്റെ സാമൂഹിക പ്രാധാന്യം പരിഗണിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റേയും ഹഡ്കോയുടേയും സഹായം തേടുന്നതാണ്.

(8) <u>ഇ.ഇ.സി. മാർക്കറ്റുകൾ</u>

<u>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:</u> എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുംകൂടിയ അന്താരാഷ്ട്ര വാണിജ്യ മാർക്കറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പു വരുത്താനുമുള്ള പദ്ധതികൾക്ക് രൂപം നൽകണം. നെടുമങ്ങാട് മാർക്കറ്റുമായി ബന്ധപ്പെട്ട നവീകരണ പരിപാടി എത്രയുംവേഗം നടപ്പാക്കണം.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ):</u> കമ്പ്യൂട്ടറൈസ്ഡ് വേ-ബ്രിഡ്ജ്, ഇന്റർനെറ്റ് തുടങ്ങിയ ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള കാർഷിക വ്യാപാര വിപണികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി കാർഷികോൽപാദന കമ്മീഷണറും ബന്ധപ്പെട്ട വകുപ്പ് മേധാവികളും കർഷക പ്രതിനിധികളുമടങ്ങിയ സ്റ്റേറ്റ് മാർക്കറ്റിംഗ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. നെടുമങ്ങാട് മാർക്കറ്റിന്റെ പ്രവർത്തനം അവലോകനം ചെയ്ത് പരീക്ഷണാടിസ്ഥാനത്തിൽ മെച്ചപ്പെട്ട വിലയ്ക്ക് കർഷകരിൽ നിന്ന് നേരിട്ട് ഉല്പന്നങ്ങൾ സംഭരിച്ച് മാർക്കറ്റിൽ കൊണ്ടുവന്ന്

ലേലത്തിൽ വിൽക്കുന്നതിനുള്ള ഒരു പദ്ധതിക്കും രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഉല്പാദന വർദ്ധനവും വിപണന സാദ്ധ്യതയും മൊത്തം പ്രയോജനപ്പെടുത്താൻ ഈ മാർക്കറ്റുകളുമായി ബന്ധപ്പെട്ട് ഒരു അപ്പെക്സ് സംവിധാനം രൂപീകരിക്കുന്നതാണ്.

(9) ജ്വല്ലറി ഉടമ മക്കളോടൊപ്പം ആക്രമിക്കപ്പെട്ട സംഭവം

ശ്രീ. എം.എം. മോനായി: കുന്നത്തുനാട് മണ്ഡലത്തിലെ കിഴക്കമ്പലത്ത് കാച്ചപ്പിള്ളി ജ്വല്ലറി ഉടമയേയും മക്കളെയും ആക്രമിക്കുകയും സ്വർണ്ണവും പണവും അപഹരിക്കുകയും ചെയ്ത സംഭവത്തെ സംബന്ധിച്ച അന്വേഷണം ഒരു പ്രത്യേക സംഘത്തെ ചുമതലപ്പെടുത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കുന്നത്തുനാട് മണ്ഡലത്തിലെ കിഴക്കമ്പലം ജംഗ്ഷനിലെ കാച്ചപ്പിള്ളി ജ്വല്ലറി ഉടമ മാത്യൂ ജോൺ 2002-ലും 2004-ലും ആക്രമിക്കപ്പെട്ട് സ്വർണ്ണവും പണവും നഷ്ടപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട് കുന്നത്തുനാട് പോലീസ് കേസെടുത്തിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം എറണാകുളം ക്രൈംബ്രാഞ്ച് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ വിഭാഗം ഈ കേസ് ഏറ്റെടുത്ത് ഡിറ്റക്ടീവ് ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം അന്വേഷണം നടത്തിവരികയാണ്. മറ്റു സംസ്ഥാനങ്ങളിൽ ഇത്തരം കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരുടെ നീക്കങ്ങളും അന്വേഷിച്ചു വരുന്നുണ്ട്. ഒരു മുതിർന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ കൂടുതൽ ഫലപ്രദമായ അന്വേഷണം നടത്തുന്നതാണ്.

(10) ഹിന്ദു ധർമ്മ സ്ഥാപന വകുപ്പിന്റെ ധനസഹായം പുന:സ്ഥാപിക്കൽ

ശ്രീ. കെ.വി. കുഞ്ഞിരാമൻ: ഉത്തര മലബാറിലെ കാവുകളിലെയും മറ്റും ആചാരസ്ഥാനീയർക്ക് നൽകിവന്നിരുന്ന സഹായധനം അർഹരായ വർക്ക് പുന:സ്ഥാപിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർക്കാർ പുറപ്പെടുവിച്ച ഒരു ഉത്തരവുപ്രകാരം കാവുക ളിലും ക്ഷേത്രങ്ങളിലും മറ്റും ടൂറിസ്റ്റുകളെ ആകർഷിക്കാനും അതുവഴി ക്ഷേത്രത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനും വേണ്ടി ദേവസ്വം വകുപ്പും ടൂറിസം വകുപ്പും ചേർന്ന് ഒരു പദ്ധതി തയ്യാറാക്കുകയും മൂന്നുവർഷക്കാലം 575 രൂപ വീതം 1064 പേർക്ക് ആനുകൂല്യം നൽകുകയും ചെയ്തു. മലബാർ ദേവസ്വം ബോർഡ് മുൻകൈയെടുത്ത് നിയോഗിച്ച കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനം എടുക്കാനുള്ള നിർദ്ദേശം ബോർഡിന് കൊടുത്തിട്ടുണ്ട്.

(11) സഹകരണ ആശുപത്രി ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

ശ്രീ. കെ. പി. മോഹനൻ: സംസ്ഥാനത്തെ സഹകരണ ആശുപത്രികളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കാനും ഫീഡർ കാറ്റഗറി, സ്റ്റാഫ് പാറ്റേൺ എന്നിവ കൃത്യമായി നിശ്ചയിക്കാനും നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 1.1.08 മുതൽ പൂർവ്വകാല പ്രാബല്യത്തോടെ സഹകരണ ആശുപത്രി ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കാൻ തീരുമാനിച്ചിരിക്കുക

യാണ്. 6% ഫിറ്റ്മെന്റ് ബനിഫിറ്റ് 7, 13, 20 വർഷത്തിന് ഓരോ സർവീസ് വെയിറ്റേജ് എന്നിവ നൽകിക്കൊണ്ടാണ് ശമ്പള പരിഷ്ക്കരണം നടപ്പാക്കുന്നത്. 750 രൂപ മുതൽ 3000 രൂപ വരെയുള്ള വർദ്ധനവ് ലഭ്യമാകും. 93 സഹകരണ ആശുപത്രികളിലെ 4000 ജീവനക്കാർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും. ഫീഡർ കാറ്റഗറി, സ്റ്റാഫ് പാറ്റേൺ എന്നിവ ശാസ്ത്രീയമായി പുനർനിർണ്ണയിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

(12) ബി.എഡ് സെന്റർ നിലനിർത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. എം.കെ. പ്രേംനാഥ്: കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള വടകര ബി.എഡ് സെന്ററിന്റെ അംഗീകാരം പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കോഴിക്കോട് സർവകലാശാല നേരിട്ട് നടത്തുന്ന 18 ബി എഡ് സെന്ററുകളിൽ 10 സെന്ററുകളുടെ അംഗീകാരം പിൻവലിച്ചിരിക്കുന്ന വിവരം നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ സതേൺ റീജീയണൽ കമ്മിറ്റിയുടെ വെബ്സൈറ്റിൽ വന്നിട്ടുണ്ട്. ഇതുസംബന്ധിച്ച് യൂണിവേഴ്സിറ്റിക്കോ ഗവൺമെന്റിനോ ഔദ്യോഗികമായി ഒരു അറിയിപ്പും ലഭിച്ചിട്ടില്ല. കോഴിക്കോട് സർവകലാശാല നേരിട്ട് നടത്തുന്ന എല്ലാ ബി.എഡ് സെന്ററുകളിലും എല്ലാ സൗകര്യങ്ങളും ഉള്ളതാണ്. ഇവയുടെ അംഗീകാരം അടിയന്തിരമായി പുന:സ്ഥാപിച്ചുകിട്ടാൻ നടപടി സ്വീകരിക്കുന്നതാണ്.

(13) കൈവശരേഖ ലഭ്യമാകാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. കെ. കെ. ജയചന്ദ്രൻ : ഇടുക്കി ജില്ലയിലെ പതിനായിരത്തിലധികം കുടുംബങ്ങൾക്ക് പട്ടയവും വീട്ടുനമ്പരും ലഭിക്കാത്തതുമൂലം

അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : 1977 ജനുവരി 1-നുമുമ്പ് കൈവശം വച്ചുവരുന്ന ഭൂമി സംബന്ധിച്ച് സംയുക്ത പരിശോധന പൂർത്തിയാക്കികൊണ്ട് അംഗീകൃത ലിസ്റ്റിൽ ഉൾപ്പെടുന്നവർക്ക് വീട് വയ്ക്കുന്നതിനുൾപ്പെടെ അർഹതപ്പെട്ട ആവശ്യങ്ങൾക്ക് അപേക്ഷ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വീട്ടുനമ്പർ കൊടുക്കുന്നതിന് പട്ടയം ഇല്ലാത്ത സ്ഥലത്തിന് കൈവശ രേഖ ഉണ്ടാകേണ്ടത് നിർബന്ധമാണെന്ന് ചില പഞ്ചായത്ത് അധികൃതർ അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ, നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും അനുസൃതമായി 10 സെന്റ് ഭൂമിയിൽ താഴെയുള്ളവർക്ക് കൈവശരേഖ കൊടുത്തുവരുന്നു. ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി വേഗത്തിൽ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ പരിശ്രമിക്കുന്നതാണ്.

(14) ഭൂമി പതിച്ചുനൽകേണ്ടതിന്റെ ആവശ്യകത

പ്രൊഫ. സി. രവീന്ദ്രനാഥ്: മൂന്ന് വർഷം മുമ്പുണ്ടായ ഉരുൾപൊട്ടലിൽ തൃശൂർ ജില്ലയിലെ കൊടകരയിൽ ആനപ്പാന്തം ആദിവാസി കോളനി പൂർണ്ണമായി നശിച്ചതിനെത്തുടർന്ന് താൽക്കാലിക ഷെഡ്ഡുകളിൽ കഴിയുന്ന അറുപതോളം വരുന്ന കുടുംബങ്ങളെ ശാസ്താംഭുവത്ത് ലഭ്യമായിട്ടുള്ള ഒരേക്കർ സ്ഥലത്ത് പുനരധിവസിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): 2005 ജൂലായ് മാസത്തിലുണ്ടായ ഉരുൾപൊട്ടലിൽ ആനപ്പാന്തം കോളനി തകർന്ന് ആളുകൾ മരിക്കുകയും വീടുകൾ നഷ്ടപ്പെടുകയുമുണ്ടായി. അവിടെ വീണ്ടും ഉരുൾപൊട്ടാനുള്ള സാധ്യത നിലനിൽക്കുന്നതിനാൽ ഇവരെ

മാറ്റിപാർപ്പിക്കാൻ തീരുമാനമെടുക്കുകയും പുനരധിവസിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് കോടശ്ശേരി പഞ്ചായത്തിലെ കവലക്കുടി കശുമാവ് തോട്ടത്തിൽ ഷെൽട്ടറുകൾ നിർമ്മിച്ച് നൽകുകയും ചെയ്തു. പിന്നീട് 10 സെന്റ് ഭൂമിയിൽ സ്ഥിര താമസത്തിനുള്ള വീട് വച്ച് നൽകാൻ ഉത്തരവാകുകയും ചെയ്തതാണ്. ഇതുസംബന്ധിച്ച് കോളനി നിവാസികളുമായി ചർച്ച നടത്തിയെങ്കിലും പുനരധിവസിപ്പിക്കാൻ സാധിച്ചിട്ടില്ല. തുടർന്ന് വെള്ളിക്കുളങ്ങര വില്ലേജിലെ ചേരയങ്കത്ത് താൽക്കാലിക ഷെൽട്ടറുകളിൽ 68 കുടുംബങ്ങൾ താമസിച്ചുവരികയാണ്. വെള്ളിക്കുളങ്ങരയിൽനിന്നും ആറ് കിലോമീറ്റർ അകലെയുള്ള ശാസ്താംഭുവത്ത് സ്ഥലം ആവശ്യപ്പെട്ട സാഹചര്യത്തിൽ അവരെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വനം വകുപ്പിൽനിന്നും ഭൂമി കൈമാറി കിട്ടുന്ന നടപടി പൂർത്തിയാകുന്നതോടെ പുനരധിവാസ നടപടികൾ കൈക്കൊള്ളുന്നതാണ്.

(15) <u>ഭക്ഷ്യവിഷബാധ</u>

<u>ശ്രീ. കെ. സി. ജോസഫ്:</u> വെള്ളായണി അയ്യങ്കാളി മെമ്മോറിയൽ മോഡൽ റെസിഡൻഷ്യൽ സ്പോർട്ട്സ് സ്കൂളിലെ അമ്പതോളം വിദ്യാർത്ഥികൾ ഭക്ഷ്യവിഷബാധയും പകർച്ചവ്യാധിയും പിടിപെട്ട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിൽസയിൽ കഴിയുന്ന ഗുരുതരമായ സാഹചര്യമാണുള്ളത്. ഈ സ്കൂളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും പാചകശാലയും പഠന സൗകര്യങ്ങളും ലഭ്യമാക്കണം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾ

താമസിക്കുന്ന സംസ്ഥാനത്തെ പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ ശോചനീയാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുന്നതിനും മെസ്സ് ഫീ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ജോർജ് മേഴ്സിയർ : വെള്ളായണി അയ്യങ്കാളി മെമ്മോറിയൽ മോഡൽ റെസിഡൻഷ്യൽ സ്പോർട്ട്സ് സ്കൂളിലെ ഭക്ഷ്യവിഷബാധയേറ്റ വിദ്യാർത്ഥികളെ സമയത്ത് ഹോസ്പ്പിറ്റലിൽ എത്തിക്കാനുള്ള നടപടിയുണ്ടായില്ലെന്നാണ് മനസ്സിലാക്കുന്നത്. പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് ആവശ്യമായ നടപടി സ്വീകരിക്കണം.

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എകെ. ബാലൻ): വെള്ളായണി കാർഷിക കോളേജ് ക്യാമ്പസിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്പോർട്ടസ് സ്ക്കൂളിലെ കുട്ടികൾക്ക് ഛർദ്ദി, പനി, വയറിളക്കം എന്നിവ ഉണ്ടായതുകൊണ്ട് മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിൽ പ്രവേശിപ്പിക്കുകയും വകുപ്പു മന്ത്രി പ്രശ്നത്തിലിടപെടുകയും സംഭവം ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 8 പേരെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. ഹോസ്റ്റലിലെ 131 കുട്ടികളേയും വിദഗ്ദ്ധ പരിശോധ നയ്ക്ക് വിധേയമാക്കിയപ്പോൾ സാരമായ അസുഖങ്ങളൊന്നും ഇല്ലെന്നാണ് ഡോക്ടർമാർ അറിയിച്ചിട്ടുള്ളത്. മെഡിക്കൽ പരിശോധനയ്ക്കും ലാബ് പരിശോധനയ്ക്കുമുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെങ്കിലും ഇതുവരെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇന്നലെ എസ്.സി/എസ്.ടി വികസന ഡയറക്ടർ കാർഷിക കോളേജ് കാമ്പസ്സിൽ കോളേജ് ഡീനിന്റെ അദ്ധ്യക്ഷത

യിൽ ഉദ്യോഗസ്ഥ തലത്തിൽ വിളിച്ചുകൂട്ടിയ യോഗത്തിൽ ഹോസ്റ്റലിന്റെ മരാമത്ത് പണികളും ശുചിത്വവും ഉറപ്പു വരുത്തുന്ന നടപടികളും എത്രയും പെട്ടെന്ന് നടപ്പിലാക്കാണമെന്ന് തീരുമാനിക്കുകയുണ്ടായി. കുടിവെള്ളം, സാനിട്ടേഷൻ, ഡ്രെയിനേജ് തുടങ്ങിയവയുടെ പണികൾ എത്രയുംപെട്ടെന്ന് ചെയ്തുതീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്പോർട്ട്സ് സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും സ്പോർട്ടസ് കോംപ്ള ക്സിന്റെ വിപുലീകരണത്തിനും ധനസഹായം നൽകി. പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലേയും സ്പോർട്ട്സ് സ്കൂളിലേയും മെസ് അലവൻസ് വർദ്ധിപ്പിച്ചു. എല്ലാ മാസവും മെഡിക്കൽ പരിശോധന നടത്തി കുട്ടികളുടെ ആരോഗ്യ സ്ഥിതി വിലയിരുത്താനുള്ള നടപടികൾ സ്വീകരിച്ചു. എല്ലാ ഹോസ്റ്റലുകളിലും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഉപദേശക സമിതികൾ രൂപീകരിച്ചു. വെള്ളായണി കാർഷിക കോളേജ് ഡീനിന്റെ അദ്ധ്യക്ഷതയിലുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ പ്രവർത്തനം വിലയി രുത്തുന്നതിനും കൂടുതൽ ഫലപ്രദമാക്കുന്നതിനുമുള്ള നടപടികളും സ്വീകരി ച്ചിട്ടുണ്ട്. ദേശീയ തലത്തിൽ നേട്ടമുണ്ടാക്കുന്ന കുട്ടികൾക്ക് സ്വർണ്ണ മെഡലും ക്യാഷ് അവാർഡും നൽകി പ്രോൽസാഹിപ്പിക്കുന്നുണ്ട്. സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് എല്ലാവരുടേയും സഹായ സഹകരണം ഉണ്ടാ കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സ്പോർട്ട്സ് ഹോസ്റ്റലിലെ മെസ്സ് ഫീ വർദ്ധിപ്പിക്കാനുള്ള തീരുമാനം നടപ്പിലാക്കുമെന്ന് ധനകാര്യമന്ത്രി സഭയിൽ പ്രഖ്യാപിക്കണം.

ധനകാര്യ വകുപ്പു മന്ത്രി (ഡോ.തോമസ് ഐസക്): നടപ്പാക്കും.

**റിപ്പോർട്ട് സമർപ്പണം**

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 17-ാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

2009-2010 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന കളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനകാര്യ വകുപ്പുമന്ത്രി (ഡോ : തോമസ് ഐസക്) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ - V കാർഷികാദായ നികുതിയും വില്പന നികുതിയും (72,58,99,000)

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ -VI ഭൂനികുതി (138,76,61,000)

ധനാഭ്യർത്ഥന നമ്പർ -XI ജില്ലാഭരണവും പലവകയും (307,85,04,000)

ധനാഭ്യർത്ഥന നമ്പർ-XXVI പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് (138,54,66,000)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ : തോമസ് ഐസക്) : കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയേയും ജില്ലാഭരണവും

പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയേയും പ്രകൃതിക്ഷോഭംമൂല മുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ കെ.സി. ജോസഫ്, ആര്യാടൻ മുഹമ്മദ്, വി. ഡി. സതീശൻ, കെ. ബാബു, ബി. ബാബു പ്രസാദ്, കെ. ശിവദാസൻ നായർ, ടി. എൻ. പ്രതാപൻ, എം.എ. വാഹീദ്, എ.പി. അനിൽകുമാർ, ജോസഫ് എം. പുതുശ്ശേരി, റോഷി അഗസ്റ്റിൻ, വി.കെ. ഇബ്രാഹിംകുഞ്ഞ്, കെ. മുഹമ്മദുണ്ണി ഹാജി, സി.ടി. അഹമ്മദ് അലി, എം. ഉമ്മർ, എം. മുരളി, പ്രൊഫസർ എൻ. ജയരാജ്, എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. ബി. ബാബു പ്രസാദ് : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഒരു കാലത്ത് റവന്യൂ വകുപ്പ് എല്ലാ വകുപ്പുകളുടെയും നാഥനായിരുന്നു. ജില്ലാ കളക്ടർ കോ-ഓർഡിനേറ്ററായി വകുപ്പുകളെ നിയന്ത്രിച്ചിരുന്നു. പിന്നീട് സ്വതന്ത്ര അധികാര കേന്ദ്രങ്ങളായപ്പോൾ റവന്യൂ വകുപ്പിന്റെ പ്രസക്തി കുറഞ്ഞിരിക്കുകയാണ്. അടിസ്ഥാന വർഗ്ഗമായ മൽസ്യത്തൊഴിലാളികളോട് ഈ ഗവൺമെന്റ് നിഷേധാത്മക നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ കേന്ദ്ര ഗവൺമെന്റ് നിരവധി പാക്കേജുകളി ലൂടെയും പദ്ധതികളിലൂടെയും സംസ്ഥാനത്തിന് സഹായം പ്രഖ്യാപിച്ചിട്ടുണ്ട്. ആദിവാസികളുടെയും മൽസ്യത്തൊഴിലാളികളുടെയും ഭൂരഹിതരായവരു ടെയും താല്പര്യങ്ങളെ ഹനിക്കുകയും വൻകിട വ്യവസായികളുടെ പ്രശ്നങ്ങൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരനടപടികൾ സ്വീകരിക്കുകയുമാണ് ഗവൺമെന്റ് ചെയ്യുന്നത്. 2004-ൽ സുനാമി ദുരന്ത

മുണ്ടായപ്പോൾ അന്നത്തെ മുഖ്യമന്ത്രി ആവശ്യമായ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സ്വീകരിച്ചിരുന്നു. ഇൻഡ്യൻ പ്രധാനമന്ത്രി പ്രഖ്യാപിച്ച സുനാമി പുനരധിവാസ പാക്കേജിന്റെ ഭാഗമായുള്ള ഹൗസിംഗ്, വൈദ്യുതീകരണം, കടൽഭിത്തി നിർമ്മാണം, റോഡ് നിർമ്മാണം, ജലവിതരണം തുടങ്ങിയ പ്രധാനപ്പെട്ട പദ്ധതികൾ യാതൊന്നുംതന്നെ നടപ്പാക്കിയില്ല. TEAP -ൽ 80 ശതമാനം പ്രവൃത്തികളും സുനാമി റീഹാബിലിറ്റേഷൻ പ്രോഗ്രാം അനുസരിച്ച് നടപ്പാക്കേണ്ട 1172 കോടി രൂപയുടെ പദ്ധതിയിൽ 18 ശതമാനവും മാത്രമാണ് നടപ്പാക്കിയിരിക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാനത്തിന് റോംഗ്ഫുൾ ലോസ് ആണ് വരുത്തിയിരിക്കുന്നത്. സുനാമി പുനരധിവാസ പദ്ധതി നടപ്പാക്കാൻ കേന്ദ്ര ഗവണ്മെന്റ് കൊടുത്ത മാർഗ്ഗരേഖ പൂർണ്ണമായും ഈ ഗവണ്മെന്റ് ലംഘിച്ചിരിക്കുകയാണ്. തീരപ്രദേശത്ത് 11000 വീടുകൾ നിർമ്മിക്കാനായി കേന്ദ്ര ഗവണ്മെന്റ് തുക അനുവദിച്ചിട്ട് പറഞ്ഞ സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ ഇതുവരെ കഴിഞ്ഞില്ല. സുനാമി ദുരന്തമുണ്ടായ ആറാട്ടുപുഴ പഞ്ചായത്തിൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകാത്തതിനാൽ ഒരു വീട് പോലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. 26,000 കുട്ടികൾക്ക് സ്കോളർഷിപ്പ് കൊടുക്കാനായി കണക്കെടുത്തിട്ട് അത് 7500 ആയി വെട്ടിക്കുറച്ചുകൊണ്ട് കേരളത്തിലെ 9 ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുകയാണ് ചെയ്തത്. ആറാട്ടുപുഴ പ്രൈമറി ഹെൽത്ത് സെന്ററിന്റെ അഡീഷണൽ ബ്ളോക്ക്, ഫിഷറീസ് ആശുപത്രി, തൃക്കുന്നപ്പുഴ സി.എച്ച്.സി, കായംകുളം ഫിഷിംഗ് ഹാർബറിന്റെ നോർതേൺ ബേ, ആറാട്ടുപുഴ ശുദ്ധജലവിതരണ പദ്ധതി തുടങ്ങിയവയൊന്നും തന്നെ യാഥാർത്ഥ്യമായിട്ടില്ല. സുനാമി പുനരധിവാസ പദ്ധതിക്കായി കേന്ദ്രം നിരവധി സഹായം ചെയ്തിട്ടും അവ വേണ്ട

വിധത്തിൽ ഉപയോഗിക്കാൻ റവന്യൂ വകുപ്പിന്റെ കെടുകാര്യസ്ഥതമൂലം കഴിഞ്ഞിട്ടില്ല. അടിസ്ഥാനവർഗ്ഗത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്ത ഒരു ഗവണ്മെന്റാണിത്.

ശ്രീ. എം. ചന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാന ചരിത്രത്തിലാദ്യമായി മൽസ്യത്തൊഴിലാളി കടാശ്വാസ നിയമവും ട്രോളിംഗ് നിരോധന കാലത്ത് പരമ്പരാഗത മൽസ്യത്തൊഴിലാളികളെ സംരക്ഷിക്കാനുള്ള നിയമവും പാസ്സാക്കിയതും 14,048 ആദിവാസി കുടുംബങ്ങളെ ഭൂവുടമകളാക്കിയതും ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷമാണ്. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ഭൂമിക്കു വേണ്ടി സമരം ചെയ്ത ആദിവാസിയെ വെടിവച്ചു കൊന്നപ്പോൾ അയാളുടെ മകൾക്ക് ജോലി കൊടുത്തത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷമാണ്. അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് സംരക്ഷണം കൊടുക്കുന്ന ഒരു ഗവണ്മെന്റാണിത്. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒരു ബദൽ നയം എല്ലാ മേഖലകളിലും നടപ്പാക്കുന്നതിന്റെ ഫലമായി കഴിഞ്ഞ 3 വർഷം കൊണ്ട് മെച്ചപ്പെട്ട സാമ്പത്തിക അടിത്തറ ഉണ്ടാക്കിയെടുക്കാൻ ധനകാര്യവകുപ്പുമന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട്. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ഉണ്ടായിട്ടുള്ള വെല്ലുവിളികൾ നേരിടുന്നതിന് ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒരു സമീപനം ഈ രംഗത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി നല്ലൊരു സാമ്പത്തിക മാനേജ്മെന്റ് ഉണ്ടാക്കാനും കൂടുതൽ ക്ഷേമപ്രവർത്തനങ്ങളും വികസനപ്രവർത്തനങ്ങളും നടത്താനും എല്ലാ വിഭാഗം ജനങ്ങളേയും സഹായിക്കാനും ഈ ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. റവന്യൂ വരുമാനത്തിൽ 66 ശതമാനം വർദ്ധനവുണ്ടാക്കാനും നികുതി വെട്ടിപ്പ് തടഞ്ഞതുകൊണ്ട് വാണിജ്യ നികുതി വരുമാനത്തിൽ വലിയ

വർദ്ധനവ് ഉണ്ടാക്കാനും സാധിച്ചു. കച്ചവടക്കാരെ ദ്രോഹിക്കാതെ നികുതി പിരിച്ചെടുക്കുന്ന ശൈലി ആവിഷ്ക്കരിച്ചതിന്റെ ഫലമായി വരുമാന വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞത് ഗവൺമെന്റിന്റെ നേട്ടം തന്നെയാണ്. കരാറുകാരുടെ കുടിശ്ശിക മുഴുവൻ കൊടുത്തുതീർത്തു. വിവിധ ക്ഷേമ പെൻഷൻ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും കുടിശ്ശിക കൊടുത്തുതീർക്കുകയും ചെയ്തു. അംഗൻവാടി ജീവനക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുകയും പെൻഷൻ കൊടുക്കാനുള്ള സംവിധാനമൊരുക്കുകയും ചെയ്തു. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും മുഴുവൻ ക്ഷാമബത്തയും കൊടുത്തു തീർത്തു. വൺ റാങ്ക് വൺ പെൻഷൻ സ്കീം നടപ്പിലാക്കി. നിരവധി പൊതു മേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിച്ച് ലാഭത്തിലാക്കി. ദുർബല ജനവിഭാഗങ്ങളുടെ ഹൗസിംഗ് ലോൺ എഴുതിത്തള്ളുകയും കടത്തിന്റെ പലിശയും പിഴപ്പലിശയും ഒഴിവാക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾക്കായി മണ്ഡലാടിസ്ഥാനത്തിൽ 2 കോടി രൂപ വീതം നൽകാൻ തീരുമാനിച്ചു. സംസ്ഥാനത്ത് 15,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് പ്രഖ്യാപിച്ചിരിക്കുന്നത്. 100 പാലങ്ങളുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ തീരുമാനിച്ചു. ദുർബല ജനവിഭാഗങ്ങൾക്ക് കിലോഗ്രാമിന് 2 രൂപ നിരക്കിൽ 25 കിലോ അരി നൽകാൻ തീരുമാനിച്ചു. വ്യവസായം, കൃഷി, റവന്യൂ തുടങ്ങിയ മേഖലകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും തൊഴിൽ മേഖല ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു.

ശ്രീ. എം. ഉമ്മർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഭൂമി സംബന്ധിച്ചും ഭൂമിയുടെ ഉപയോഗം, സംരക്ഷണം എന്നിവ സംബന്ധിച്ചും സുപ്രധാനമായ മാർഗ്ഗരേഖകളും നിയമങ്ങളും പുറത്തുവന്ന വർഷമാണ്

കടന്നുപോയത്. രണ്ടാം ഭൂപരിഷ്ക്കരണ പ്രസ്ഥാനമെന്ന പേരിൽ തുടങ്ങിവച്ച മൂന്നാർ ഓപ്പറേഷൻ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. തുടങ്ങിവച്ച കാര്യങ്ങൾ പൂർത്തീകരിക്കാൻ ഈ ഗവൺമെന്റിന് കഴിയാതെ പോകുന്നു. മലപ്പുറത്ത് അലിഗഡ് സർവ്വകലാശാല സെന്ററിന് നീക്കിവച്ച സ്ഥലം ഇൻകെൽ എന്ന കമ്പനിക്ക് കൊടുക്കാൻ തീരുമാനിച്ചു. നിരവധി കേസ്സുക ളിൽപ്പെട്ടതും, അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാവാത്തതും വിദ്യാഭ്യാസ സ്ഥാപനത്തിന് അനുയോജ്യമല്ലാത്തതുമായ സ്ഥലമാണ് പെരിന്തൽമണ്ണയിൽ കൊടുക്കാമെന്ന് പറഞ്ഞിരിക്കുന്നത്. പുതുതായി അനുവദിച്ച പത്ത് ഐ.ടി.ഐ.കൾക്കും ഉർദു ഐ.ടി.ഐ. യ്ക്കുമാവശ്യമായ സ്ഥലം കൊടു ക്കാൻ സാധിച്ചിട്ടില്ല. അഞ്ച് ലക്ഷം ഹെക്ടർ അന്യാധീനപ്പെട്ട ഭൂമി സർക്കാരി നുണ്ടെങ്കിലും ഭൂമിയില്ലാത്ത പാവപ്പെട്ട പട്ടികജാതിക്കാർക്ക് ശ്മശാനത്തിനാ വശ്യമായ സ്ഥലം കൊടുക്കാൻപോലും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. പാലക്കാട് മുതലമട പോലെയുള്ള സ്ഥലങ്ങളിൽ പട്ടികവർഗ്ഗക്കാർക്ക് പൊതു ടാപ്പിൽനിന്ന് വെള്ളം കുടിക്കാൻപോലും സാധിക്കാത്ത അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം.

<u>ശ്രീ രാജാജി മാത്യു തോമസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് സാമ്പത്തിക രംഗത്ത് ഉണർവ്വ് പകരുകയും അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായിട്ടുള്ള ഫണ്ട് ലഭ്യമാക്കുകയും നികുതി പിരിവ് രംഗത്തെ വെട്ടിപ്പും അഴിമതിയും ഫലപ്രദമായി തടയുകയും ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക ലഭ്യമാക്കുകയും തകർന്നുകിടന്ന റോഡുകൾ നവീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഈ ഗവണ്മെന്റ് തുടർന്നുവരുന്നത് ഫലപ്രദമായ ധനകാര്യ മാനേജ്മെന്റാണ്. റവന്യൂ വകുപ്പിന്റെ പ്രവർത്തനം ഊർജ്ജസ്വലമാക്കി

മുന്നോട്ടുകൊണ്ടുപോകാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് റവന്യൂ വകുപ്പിന് ഒരു പ്ലാൻ ഹെഡ്സ് ഉണ്ടായത്. റീ-സർവ്വേ പ്രവർത്തനങ്ങൾ മൂന്നുവർഷംകൊണ്ട് പൂർത്തീകരിക്കത്തക്കവിധത്തിൽ ഒരു പദ്ധതിക്ക് റവന്യൂ വകുപ്പ് രൂപം നൽകുകയും അതിനുവേണ്ടി ഭൂമികേരളം പദ്ധതിയിൽപ്പെടുത്തി ഏതാണ്ട് 70 കോടി രൂപ ഈ ബഡ്ജറ്റിൽ നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ആധുനികമായിട്ടുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഭൂമി റീ-സർവ്വേ ചെയ്ത് അടിസ്ഥാന രേഖകൾ തയ്യാറാക്കുന്നതിനും എല്ലാ റിക്കോർഡുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും റവന്യൂ വകുപ്പിന്റെ പ്രവർത്തനം ജനകീയമാക്കുന്നതിനും ലാന്റ് റിഫോംസ് റിവ്യൂ ബോർഡുകൾ പുന:സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. അഴിമതിയുടെ കേന്ദ്രമായി മാറിയിരുന്ന റവന്യൂ ഓഫീസുകളെ ഫലപ്രദമായി മോണിറ്റർ ചെയ്യുന്നതിന് ജനകീയ സഭകളുടെ പ്രവർത്തനം വളരെയേറെ സഹായകമാകും. റവന്യൂ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും അഴിമതിരഹിതവുമാക്കണം. ആവശ്യത്തിന് സ്റ്റാഫിനെ നിയമിച്ച് സാധാരണക്കാർക്കാവശ്യമായിട്ടുള്ള സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മലയോര മേഖലയിലെ കുടിയേറ്റ കർഷകർക്ക് പട്ടയം ലഭ്യമാകുന്നതിലുണ്ടായിരുന്ന തടസ്സങ്ങൾ മാറ്റിയ ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. ഭൂമി കൈമാറ്റം നടന്നിട്ടുള്ള കേസ്സുകളിൽ ഇപ്പോഴത്തെ ഉടമസ്ഥർക്ക് അത് ലഭിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ നീക്കുന്നതിന് സംവിധാനമുണ്ടാകണം. പട്ടയം നൽകുന്നതിനുവേണ്ടിയുള്ള ജോയിന്റ് വെരിഫിക്കേഷനിൽ ഉൾപ്പെട്ടിട്ടില്ലാത്തവരെക്കൂടി ഉൾപ്പെടുത്താൻ വീണ്ടും വെരിഫിക്കേഷൻ നടത്താൻ ഗവൺമെന്റ് തയ്യാറാകണം. 2008 ഒക്ടോബറിനുശേഷം രണ്ടായിരത്തിലധികം കുടുംബങ്ങൾക്ക്

കൈവശ രേഖയും പട്ടയവും നൽകാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ലാന്റ് ബോർഡിലും കോടതികളിലും കെട്ടിക്കിടക്കുന്ന കേസ്സുകളിൽ ഏറ്റവുംവേഗം തീർപ്പ് കൽപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണം. ദേശീയ പാതയ്ക്ക് വേണ്ടി ഭൂമി എടുക്കുന്നതിൽ വരുന്ന കാലതാമസം ഒഴിവാക്കുകയും ആവശ്യമായ ചർച്ചകൾ നടത്തി അശാസ്ത്രീയമായ അക്വിസിഷൻ നടപടികൾ അവസാനിപ്പിക്കുകയും വേണം. വല്ലാർപാടം കണ്ടെയ്നർ ടെർമിനലുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെട്ടവരുടെ ഭൂമിക്ക് മാർക്കറ്റ് വില നൽകുന്നതിനും അവരെ പുന:രധിവസിപ്പിക്കുന്നതിനും മാതൃകാപരമായ നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. നാഷണൽ ഹൈവേ 47-ന്റെ വീതി കൂട്ടുന്ന കാര്യത്തിലും സമാനമായ സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. കാസർഗോഡ് ജില്ലയിൽ കേന്ദ്ര സർവ്വകലാശാല സ്ഥാപിക്കുന്നതിന് ഭൂമി കൈമാറ്റം ചെയ്ത നടപടി സ്വാഗതാർഹമാണ്.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇൻഡ്യ രാജ്യത്തൊട്ടാകെ എല്ലാവിഭാഗം ആളുകളും അടിസ്ഥാനപരമായ ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസുകളെയാണ് സമീപിക്കുന്നത്. താഴെക്കിടയിലുള്ള ആളുകൾക്ക് എത്രമാത്രം അതിന്റെ ഗുണം കിട്ടുന്നു എന്നുള്ളതിനെ ആശ്രയിച്ചാണ് സംസ്ഥാന ഭരണത്തിന്റെ ഗുണവും ദോഷവും വിലയിരുത്തുന്നത്. 1957-ൽ നടപ്പിലാക്കിയ കേരള ലാന്റ് റിഫോംസ് ആക്ട് ഇൻഡ്യയ്ക്കൊട്ടാകെ മാതൃകയാണ്. 40 വർഷം കഴിഞ്ഞിട്ടും അതിന്റെ ഫലം പൂർണ്ണമായും നടപ്പിലാക്കി എന്നുപറയാൻ കഴിയില്ല. ഇന്നും ഭൂരഹിതരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വർഷങ്ങളായി ഭൂമി കയ്യേറി താമസിക്കുന്നവർക്ക് പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. 15

സെന്റിൽ കൂടുതൽ ഭൂമി പതിച്ചുകൊടുക്കാൻ കഴിയില്ല എന്ന് പറയുന്ന നിയമപ്രശ്നത്തിന് പരിഹാരം കാണണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പതിനായിരക്കണക്കിനാളുകളെ ഭൂമിയുടെ ഉടമകളാക്കാൻ സാധിച്ചുവെന്നത് അഭിനന്ദനാർഹമാണ്. ലാന്റ് ബോർഡിൽ കെട്ടിക്കിടക്കുന്ന കേസ്സുകളിൽ തീർപ്പ് കൽപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. സർക്കാർ ഭൂമി അനധികൃത കയ്യേറ്റക്കാരിൽനിന്ന് പിടിച്ചെടുക്കാനുള്ള ഇച്ഛാശക്തി കാണിക്കണം. കൃഷി ഭൂമി സംരക്ഷണം പ്രായോഗിക തലത്തിൽ പരിപാലിക്കപ്പെടുന്നതിന് ഉദ്യോഗസ്ഥ തലത്തിലുള്ള അഴിമതി അവസാനിപ്പി ക്കണം. തണ്ണീർത്തടങ്ങൾ നിലനിറുത്താൻ പ്രത്യേകം ശ്രദ്ധിക്കണം. 1967-ൽ ആരംഭിച്ച റീ-സർവേ പ്രവർത്തനങ്ങൾ ഇതുവരെ പൂർത്തിയാകാത്തത് നിരാശാജനകമാണ്. അങ്കമാലി മുതൽ മണ്ണൂത്തി വരെയുള്ള പ്രദേശങ്ങളിൽ ഇതുവരെ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായിട്ടില്ല. ഏറ്റെടുക്കാൻ കഴിയുന്ന ഭൂമി പരമാവധി ഏറ്റെടുത്താൽ മാത്രമേ സംസ്ഥാനത്തിന്റെ വികസനം സാധ്യമാവുകയുള്ളൂ. സംസ്ഥാനത്ത് പ്രകൃതിക്ഷോഭ ദുരിതാശ്വാസങ്ങൾക്കുംമറ്റും കേന്ദ്ര ഗവൺമെന്റിനെ സമീപി ക്കുന്ന സ്ഥിതിവിശേഷത്തിന് മാറ്റം ഉണ്ടാകണം.

ശ്രീമതി കെ. എസ്. സലീഖ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സർക്കാരിന്റെ കഴിഞ്ഞ മൂന്നു വർഷത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പല തലങ്ങളിലും വിലയിരുത്തലുകൾ നടക്കുകയാണ്. സാർവദേശീയ-ദേശീയ സാമ്പത്തിക കുഴപ്പങ്ങൾമൂലം സാധാരണക്കാരായ ജനങ്ങൾ തികച്ചും പാർശ്വവൽക്കരിക്കപ്പെട്ടുവെങ്കിലും, ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കാണിച്ച ജാഗ്രതയുടെ ഫലമായി അപകടകരമായ സാമ്പത്തിക കുഴപ്പങ്ങളിൽ നിന്ന് കേരളം രക്ഷപ്പെട്ടുവെന്നുള്ളത് യാഥാർത്ഥ്യമാണ്.

ആഗോള സാമ്പത്തിക മാന്ദ്യത്തിനിടയിലും മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ സംസ്ഥാനത്തെ നികുതി വരുമാനം വർദ്ധിപ്പിക്കാൻ സർക്കാരിന് കഴിഞ്ഞു. 2005-06-ൽ 2.52 ശതമാനമായിരുന്ന റവന്യൂ കമ്മി 1.49 ശതമാനമായി കുറയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2005-06-ൽ വായ്പയുടെ 74.83 ശതമാനവും ദൈനംദിന ചെലവുകൾക്കാണ് ഉപയോഗിച്ചിരുന്നതെങ്കിൽ ഇപ്പോൾ അത് 59.05 ശതമാനമാക്കി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഫലപ്രദമായ ധനകാര്യ മാനേജ്മെന്റിലൂടെ മാത്രമേ വായ്പ എടുക്കുന്ന സംഖ്യ മുഴുവൻ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ കഴിയുകയുള്ളൂ. 2005-06-ലെ ശരാശരി പലിശ നിരക്ക് 8.7 ശതമാനമെന്നുള്ളത് 8.2 ശതമാനമായി കുറഞ്ഞു. ഇത് സംസ്ഥാനത്തിന്റെ ധനസ്ഥിതിയിൽ വമ്പിച്ച മാറ്റമുണ്ടാക്കും. നികുതി വരുമാനം വർദ്ധിപ്പിച്ച് ധനസ്ഥിതി മെച്ചപ്പെടുത്താനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. കഴിഞ്ഞ മൂന്നു വർഷം കൊണ്ട് വാണിജ്യ നികുതി വരുമാനം 66 ശതമാനം ഉയർന്നു. 2008-09-ൽ 11,628.30 കോടി രൂപ വാണിജ്യ നികുതിയിനത്തിൽ പിരിച്ചെടുക്കാൻ കഴിഞ്ഞെങ്കിൽ 2009-10-ൽ 12,733 കോടി രൂപ പിരിച്ചെടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. റവന്യൂ വരുമാനത്തിലും വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുമ്പോൾ അതിനനുസൃതമായ ഒരു നിലപാടല്ല കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. ഈ ഗവൺമെന്റ് നിലവിലുണ്ടായിരുന്ന ക്ഷേമ പെൻഷനുകളെല്ലാം ഇരട്ടിയാക്കി വർദ്ധിപ്പിച്ചു. ജീവനക്കാരുടേയും പെൻഷൻകാരുടേയും ക്ഷാമബത്ത കുടിശ്ശിക കൊടുത്തുതീർത്തു. അടിസ്ഥാനമേഖലയിലെ മുതൽമുടക്കിലും വലിയ വർദ്ധനവുണ്ടാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ചെക്കുപോസ്റ്റുകളുടെ പ്രവർത്തനം

കാര്യക്ഷക്ഷമാക്കിയതും വ്യാപാരികളുടെ സൗകര്യത്തിനായി ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തിയതും ഇ-റെമിറ്റൻസ് സംവിധാനം നിലവിൽ വരുമെന്ന് പറഞ്ഞിട്ടുള്ളതും സ്വാഗതാർഹമാണ്. വാണിജ്യ നികുതി കുടിശ്ശിക പിരിച്ചെടുക്കാനായി കൊണ്ടുവന്ന ആംനെസ്റ്റി സ്കീം വളരെ പ്രശംസ അർഹിക്കുന്നതാണ്. മുൻപ് ബ്ലേഡ് കമ്പനിയായി കണക്കാക്കിയിരുന്ന കെ.എഫ്.സി.യെ സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിനുള്ള ഏജൻസിയാക്കിമാറ്റി. കെ.എസ്.എഫ്.ഇ.യുടെ ബിസിനസ്സ് വർദ്ധിപ്പിക്കാൻ കഴിഞ്ഞത് വലിയ നേട്ടമാണ്. സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളെടുത്തു. സോഷ്യൽ ആഡിറ്റ് സംവിധാനം പ്രാവർത്തികമാക്കി. 63 നോൺ ബാങ്കിംഗ് ട്രഷറികളെക്കൂടി ബാങ്കിംഗ് ട്രഷറികളാക്കി മാറ്റാനുള്ള തീരുമാനം സ്വാഗതാർഹമാണ്. പൊതുമേഖലാ ബാങ്കുകൾ നൽകുന്നതിനേക്കാളും കൂടുതൽ പലിശ ട്രഷറികൾ നൽകുന്നത് ജനങ്ങൾക്ക് ഗുണകരമാകും. ട്രഷറികളിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. വിവിധ വകുപ്പുകളിൽ നിന്ന് ആഡിറ്റ് ഫീസ് ഇനത്തിൽ കിട്ടാനുള്ള തുക പിരിച്ചെടുക്കണം. റവന്യൂ വകുപ്പ് വളരെ സുപ്രധാനവും ജനോപകാരപ്രദവുമായ നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കഴിഞ്ഞു. ഭൂമാഫിയകളുടെ കൈവശമുള്ള ഭൂമി സർക്കാരിലേയ്ക്ക് കണ്ടുകെട്ടാനും ഭൂരഹിതരായവർക്ക് വിതരണം ചെയ്യാനും സാധിച്ചിട്ടുണ്ട്. കൈവശരേഖയും പട്ടയവും ഇല്ലാത്തവർക്ക് അത് നൽകാൻ സർക്കാരിന് കഴിഞ്ഞു. ആദിവാസി വനാവകാശ നിയമപ്രകാരം ആദിവാസി കുടുംബങ്ങൾക്ക് ഡിസംബർ മാസത്തോടുകൂടി ഭൂമി നൽകാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

നടത്തുന്നതിൽ സർക്കാർ ഉണർന്ന് പ്രവർത്തിച്ചിട്ടുണ്ട്. മേഖലാ വിജിലൻസ് സെല്ലുകളുടെ എണ്ണം രണ്ടിൽ നിന്ന് മൂന്നാക്കി വർദ്ധിപ്പിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. അനധികൃത മണൽ ഖനനം നടത്തുന്നവരെ ശിക്ഷിക്കാനുള്ള നടപടികൾ തുടർന്നും സ്വീകരിക്കണം. ഭാരതപ്പുഴയുടെ സംരക്ഷണത്തിന് വേണ്ടി റിവർ മാനേജുമെന്റ് ഫണ്ടിൽനിന്ന് ഏഴ് കോടി രൂപ ചെലവഴിക്കാൻ തീരുമാനിച്ചതിനെ സ്വാഗതം ചെയ്യുന്നു. റീസർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനായി 'ഭൂമി കേരളം' പദ്ധതി ആവിഷ്ക്കരിച്ചതിനെ അഭിനന്ദിക്കുന്നു.

<u>ശ്രീ. പി.എം.എ. സലാം</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നികുതി പിരിവ് കാര്യക്ഷമമാക്കിയതിലൂടെ റവന്യൂ വരുമാനത്തിൽ റിക്കോർഡ് വർദ്ധനവാണ് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. വികസന പ്രവർത്തനങ്ങൾ മുരടിപ്പിക്കാതെയും ജനക്ഷേമ പദ്ധതികളിൽ കുറവ് വരുത്താതെയുമാണ് ഈ നേട്ടങ്ങൾ കൈവരിച്ചത്. വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് അനുവദിച്ചും ജനക്ഷേമ പദ്ധതികൾക്കുള്ള തുകകൾ ഇരട്ടിയാക്കിയുമാണ് സർക്കാർ മുന്നോട്ടു പോകുന്നത്. മലബാർ മേഖലയിലെ വികസനപ്രവർത്തനങ്ങൾക്കായി 1500 കോടി രൂപയുടെ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. സ്വന്തമായി ഭൂമിയില്ലാത്ത പാവപ്പെട്ടവർക്കും ആദിവാസികൾക്കും ഭൂമിയുടെ കൈവശാവകാശ രേഖ നൽകി. റീ-സർവ്വേ പ്രവർത്തനങ്ങൾ എത്രയുംവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനധികൃത കയ്യേറ്റങ്ങൾ തടയാൻ സാധിച്ചു. റവന്യൂ വകുപ്പിനെ

കമ്പ്യൂട്ടർവൽക്കരിക്കുകയും ൬൮ ലാന്റ് ബോർഡുകൾ പുന:സംഘടിപ്പിക്കുകയും താലൂക്ക് വികസന സമിതികൾ രൂപീകരിക്കുകയും ചെയ്തു. ലാന്റ് അക്വിസിഷൻ നടപടികൾ ത്വരിതപ്പെടുത്തുകയും ഒരു ഫാസ്റ്റ് ട്രാക്ക് സംവിധാനമുണ്ടാക്കി അതിന്റെ നടപടിക്രമങ്ങൾ ലളിതമാക്കുകയും വേണം. തഹസീൽദാർമാരുടെ തസ്തികകൾ നികത്തണം. പ്രകൃതിക്ഷോഭ ദുരിതാശ്വാസം നൽകുന്നതിനുള്ള കേന്ദ്രഗവൺമെന്റിന്റെ നോംസ് കേരളത്തിന് അനുയോജ്യമായ രൂപത്തിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. യു.സി. രാമൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കളക്ടറേറ്റ് കേന്ദ്രീകരിച്ച് മൈനോറിറ്റി സെൽ രൂപീകരിക്കുമെന്നും റെയിൽവേ ലൈൻ ഇരട്ടിപ്പിക്കൽ ദ്രുതഗതിയിൽ പൂർത്തീകരിക്കുമെന്നും കയ്യേറ്റക്കാരെ ഒഴിപ്പിക്കുമെന്നും ഓരോ കളക്ടറേറ്റിലും നോർക്ക സെൽ ആരംഭിക്കുമെന്നും ഈ സർക്കാർ പ്രഖ്യാപിച്ചിരുന്നെങ്കിലും ഇതുവരെ ഒന്നുംതന്നെ യാഥാർത്ഥ്യമാക്കിയിട്ടില്ല. വില്ലേജ് ഓഫീസർമാർക്ക് മൊബൈൽ ഫോൺ നൽകുന്നതിനുള്ള സംവിധാനമുണ്ടാകണം. പ്രകൃതിക്ഷോഭ ദുരിതാശ്വാസ തുക വർദ്ധിപ്പിക്കുകയും അത് സമയബന്ധിതമായി നൽകുകയും വേണം. താലൂക്ക് ഓഫീസുകളിൽ നിന്നും ജാതി സർട്ടിഫിക്കറ്റുകൾ വളരെ വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. റീ-സർവ്വേ നടപടികൾ എത്രയും വേഗം പൂർത്തീകരിക്കണം. സി.എം.ഡി.ആർ.എഫ്-ൽ നിന്നും തുക ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സുതാര്യമാക്കണം. കോഴിക്കോട് ജില്ലയിലെ ലാന്റ് അക്വിസിഷൻ വിംഗിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കണം. ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ഏകീകൃത സമീപനം സ്വീകരിക്കണം. ഭൂമിയുടെ ന്യായവില നിർണ്ണയത്തിലുള്ള

അപാകതകൾ പരിഹരിക്കണം. കോഴിക്കോട് താലൂക്കിനെ വിഭജിക്കുകയും കുന്ദമംഗലത്തെ താലൂക്കായി ഉയർത്തുകയും വേണം. കോഴിക്കോട് ജില്ലയിലെ റവന്യൂ ഡിവിഷനെ രണ്ടായി വിഭജിക്കണം.

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രണ്ട് രൂപയ്ക്ക് അരി നൽകാനുള്ള തീരുമാനം, ക്ഷേമ പെൻഷനുകളുടെ വർദ്ധനയും വ്യാപനവും ക്ഷേമ ബോർഡുകളുടെ ഏകോപനം, പ്രവാസികൾക്കുള്ള ക്ഷേമനിധി, വിവിധങ്ങളായ ഭവന നിർമ്മാണ പദ്ധതികൾ, പരമ്പരാഗത-ചെറുകിട വ്യവസായങ്ങൾക്ക് നൽകിയ ആനുകൂല്യങ്ങൾ ഇവയെല്ലാം എൽ.ഡി.എഫ്. സർക്കാരിന്റെ എടുത്തുപറയേണ്ട നേട്ടങ്ങളാണ്. ഈ സർക്കാർ ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. 1500 ഏക്കർ മിച്ചഭൂമി സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കുകയും താമസയോഗ്യമായ സ്ഥലം ഭൂരഹിതർക്ക് വിതരണം ചെയ്യുകയും ചെയ്തു. ആദിവാസികൾക്കും പാവപ്പെട്ടവർക്കും ഭൂമിയുടെ കൈവശാവകാശ രേഖ നൽകി. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചതിലൂടെ ലഭിച്ച ഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയുമാണ്. കേരളത്തിൽ കടൽക്ഷോഭത്തിന്റെ തോത് ഓരോ വർഷവും വർദ്ധിച്ചു വരുന്നതായിട്ടാണ് കാണുന്നത്. കടൽക്ഷോഭംമൂലം ഓരോ വർഷവും നഷ്ടപ്പെടുന്ന ഭൂമിയെ സംബന്ധിച്ച് സമഗ്രമായ പഠനം നടത്താൻ റവന്യൂ വകുപ്പ് മുൻകയ്യെടുക്കണം. സംസ്ഥാന സർക്കാർ പ്രകൃതിക്ഷോഭം നേരിടുന്നതിനും പ്രകൃതിക്ഷോഭത്തിനിരയായവർക്ക് ആശ്വാസമെത്തിക്കുന്നതിനും വളരെ വേഗത്തിലാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. കാലവർഷക്കെടുതിയിൽ മരിച്ചവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം

ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും അത് അർഹരായവർക്ക് വളരെ വേഗത്തിൽത്തന്നെ നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. പ്രകൃതിക്ഷോഭംമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടത്തിന് ആനുപാതിക മായി കേന്ദ്ര ഗവൺമെന്റിൽനിന്നും സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. കമ്പ്യൂട്ടറൈസേഷൻ, ഇ-പേയ്മെന്റ്, തുടങ്ങിയ സംവിധാന ങ്ങൾ നടപ്പിലാക്കിയതിലൂടെ വിൽപന നികുതി വകുപ്പിന്റെ പ്രവർത്തനത്തിൽ കാതലായ മാറ്റമുണ്ടാക്കാനും സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധി പ്പിക്കാനും സാധിച്ചു. വാളയാർ ചെക്ക്പോസ്റ്റ് അഴിമതി വിമുക്തമാക്കി. ചെറുകിട വ്യാപാരികളുടെ ഭാഗത്തുനിന്ന് ഉയർന്നു വന്നിട്ടുള്ള പരാതികൾ സംബന്ധിച്ച് പരിശോധിച്ച് പരിഹാരം കാണുന്നതിന് ധനകാര്യ വകുപ്പിന്റെ ഇടപെടലുണ്ടാകണം. വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ജില്ലാ തല മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുകയും സുനാമി ബാധിതരായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് നിരവധി പദ്ധതികൾ ആരംഭിക്കുകയും ചെയ്തു.

<u>ശ്രീ. കെ. ടി. ജലീൽ :</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഒരു തെരഞ്ഞെടുപ്പിൽ ജയവും തോൽവിയും സാധാരണമാണ്. മുസ്ലീംലീഗ് മതേതര രാഷ്ട്രീയപാർട്ടിയായി രൂപപ്പെടണം. സ്വന്തമായ രാഷ്ട്രീയ താൽപ്പര്യങ്ങൾക്കുവേണ്ടി മതത്തെ ഉപയോഗിക്കുന്ന സാഹചര്യത്തിൽനിന്ന് പുറകോട്ട് പോകണം. മലപ്പുറം രാഷ്ട്രീയത്തെ ഇന്നത്തെ അവസ്ഥയിലേയ്ക്ക് മാറ്റിയതിൽ ഇടതുപക്ഷകക്ഷികൾക്കുള്ള പങ്ക് നിഷേധിക്കാൻ കഴിയില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലഘട്ടങ്ങളിൽ

മഅദ്നിക്ക് പിന്തുണ നൽകിയിരുന്ന ആളുകളാണ് ഇപ്പോൾ അദ്ദേഹത്തെ രാജ്യദ്രോഹിയായി ചിത്രീകരിക്കുന്നത്.

ശ്രീ. പി. വിശ്വൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ സാധാരണ ജനങ്ങളുടെ ജീവിതത്തിൽ മുന്നേറ്റങ്ങളുണ്ടാക്കാനും കൃഷിക്കാരുടേയും കയർ തൊഴിലാളികളുടേയും മത്സ്യത്തൊഴിലാളികളുടേയും ജീവിതം മെച്ചപ്പെടുത്താനും ഈ ഗവൺമെന്റിന് കഴിഞ്ഞു. എല്ലാ വിഭാഗം ജനങ്ങളുടേയും സാമ്പത്തിക വികസനം ലക്ഷ്യമാക്കിയാണ് ഈ സർക്കാർ പ്രവർത്തിക്കുന്നത്. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ പ്രതിസന്ധിയിലകപ്പെടാതെ സംസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോകാൻ ധനകാര്യ വകുപ്പിന് കഴിഞ്ഞു. സാമ്രാജ്യത്വവിരുദ്ധ പോരാട്ടത്തിനാണ് ഈ സർക്കാർ നേതൃത്വം കൊടുക്കുന്നത്. അഴിമതിരഹിതമായ ഭരണമാണ് ഈ സർക്കാർ കാഴ്ചവയ്ക്കുന്നത്. ലോക മുതലാളിത്തവും വിദേശ മൂലധനവും എല്ലാ നല്ലതിനേയും ഉഴുത് മറിക്കും. ഈ കാലഘട്ടത്തിന്റെ പ്രത്യേകത സാമ്രാജ്യത്വ വിരുദ്ധ പോരാട്ടമാണ്. വളരെ പിന്നോക്കമായ മലബാറിലെ ഒരു ജില്ല മത ന്യൂനപക്ഷങ്ങൾക്കായി അനുവദിച്ചപ്പോൾ അതിനെതിരെ പല ഭാഗങ്ങളിൽ നിന്നും ചെറുത്തുനിൽപ്പുണ്ടായി. അതെല്ലാം അവഗണിച്ച് മതന്യൂനപക്ഷങ്ങളോടൊപ്പം നിന്നത് കമ്മ്യൂണിസ്റ്റ് സർക്കാരാണ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ധനാഭ്യർത്ഥനയെ എതിർക്കുന്നു. കൂട്ടുത്തരവാദിത്വമില്ലാത്ത ഈ ഗവൺമെന്റിന് ധനാഭ്യർത്ഥന കൊണ്ടുവരാൻ അവകാശമില്ല. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ് അവലോകനത്തെ സംബന്ധിച്ച് സി.പി.എം.-ന്റെ സംസ്ഥാന കമ്മിറ്റി അംഗീകരിച്ച തെരഞ്ഞെടുപ്പ് റിവ്യൂ റിപ്പോർട്ടിൽ സംസ്ഥാന സർക്കാരിന്റെ

പ്രവർത്തനങ്ങളെ രൂക്ഷമായി വിമർശിച്ചിരിക്കുകയാണ്. ഇവിടെ ഒരു ഭരണവും നടക്കുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഗവണ്മെന്റിന്റെ ഏറ്റവും വലിയ നേട്ടമായി വാദിക്കുന്ന മൂന്നാർ കയ്യേറ്റവുമായി ബന്ധപ്പെട്ട് 4819.94 ഹെക്ടർ ഭൂമി പിടിച്ചെടുത്തു എന്ന കണക്കുകൾ സൂചിപ്പിക്കുന്നുണ്ടെങ്കിലും അനധികൃത കയ്യേറ്റം നടത്തിയവരുടെ പേരും മേൽവിലാസവും പുറത്തുവിടാൻ ഗവണ്മെന്റ് തയ്യാറാകുന്നില്ല.

ശ്രീ. ബാബുപോൾ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഏറ്റവും നല്ല സാമ്പത്തിക മാനേജ്മെന്റുമായിട്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. വാണിജ്യ നികുതി, മൂല്യവർദ്ധിത നികുതി, വില്പന നികുതി, റവന്യൂ നികുതി വരുമാനങ്ങളിൽ വൻ വർദ്ധനവുണ്ടായതിന്റെ ഫലമായി റവന്യൂ-മൂലധന-പദ്ധതിച്ചെലവുകളിലും വർദ്ധനവുണ്ടായിട്ടുണ്ട്. വിവിധ ക്ഷേമനിധി പെൻഷനുകൾ വർദ്ധിപ്പിച്ചു നൽകി. നെല്ലിന്റെ സംഭരണവില വർദ്ധിപ്പിച്ചു. ദുർബല ജനവിഭാഗങ്ങൾക്ക് കിലോഗ്രാമിന് 2 രൂപ നിരക്കിൽ അരിയും ഗോതമ്പും വിതരണം ചെയ്യുന്നതിനും ഹൗസിംഗ് ലോൺ എഴുതിത്തള്ളുന്നതിനും നടപടി സ്വീകരിച്ചു. കൃഷി, പരമ്പരാഗത മേഖലകൾക്ക് പുതുജീവൻ നൽകി. പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിച്ച് ലാഭത്തിലാക്കി. കരാറുകാരുടെ കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർത്തു. ധാരാളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. കർഷകത്തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ സൂപ്പറാന്യുവേഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം. മുഴുവൻ ഭൂരഹിതർക്കും ഭൂമി നൽകുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ലാൻഡ്

ബോർഡുകൾ പുന:സംഘടിപ്പിച്ച് സജീവമാക്കി. മിച്ചഭൂമി വിതരണം ചെയ്യു ന്നതിനും കൈവശരേഖ കൊടുക്കുന്നതിനും നടപടി സ്വീകരിച്ചു. അനധി കൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു. ഭൂമി യുടെ റീസർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിന് 'ഭൂമി കേരളം' പദ്ധതിക്ക് തുടക്കംകുറിച്ചു. ആദിവാസി വനാവകാശ നിയമം നടപ്പിലാക്കി. 2009 ഡിസംബർ 31-നകം 37000 കുടുംബങ്ങളെ ഭൂമിയുടെ ഉടമസ്ഥരാക്കാൻ കഴി യുംവിധത്തിൽ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പ്രകൃതി ദുര ന്തത്തിൽപ്പെട്ട് നാശനഷ്ടങ്ങളുണ്ടായ എല്ലാവർക്കും നഷ്ടപരിഹാരം എത്തി ക്കാനുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചു. റവന്യൂ അദാലത്തുകൾ വഴി 33000 പരാതികൾക്ക് പരിഹാരം കണ്ടെത്താൻ കഴിഞ്ഞു. വരുന്ന വർഷ ത്തിൽ അദാലത്തുകൾ താലൂക്ക് തലത്തിലേയ്ക്ക്കൂടി വ്യാപിപ്പിക്കാനും ആറു മാസത്തിലൊരിക്കൽ അദാലത്തുകൾ നടത്താനും ഗവൺമെന്റിന് കഴി യണം. റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുകൊണ്ട് നദികളുടെ സംര ക്ഷണത്തിനാവശ്യമായ പരിപാടികൾ നടപ്പിലാക്കിവരുകയാണ്. സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി അഞ്ഞൂറ് വീടുകളുടെ പണി പൂർത്തീക രിച്ചു. ലാന്റ് അക്വിസിഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

ശ്രീ. പി. കൃഷ്ണപ്രസാദ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് ആദ്യമായി ഒരു ഭൂനയത്തിന് രൂപം നൽകിയത് എൽ.ഡി.എഫ് ഗവൺമെന്റാണ്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി അനധികൃതമായി പൊതുഭൂമി കയ്യേറിയവർക്കെതിരെ നടപടി സ്വീകരിച്ചു. മൂന്നാറിലുൾപ്പെടെ 9965 അനധികൃത കയ്യേറ്റങ്ങൾ കണ്ടുപിടിക്കുകയും 4020 കയ്യേറ്റക്കാരെ ഒഴിപ്പി ക്കുകയും ചെയ്തു. സർക്കാർ പുറമ്പോക്കുകളിൽ വർഷങ്ങളായി

താമസിക്കുന്ന കൈവശ രേഖയോ റേഷൻ കാർഡോ കൈവശം ഉള്ളവരെ കുടിയൊഴിപ്പിക്കുന്നതല്ലെന്ന് വ്യക്തമാക്കിയിട്ടുള്ളത് സ്വാഗതാർഹമാണ്. അനധികൃത കയ്യേറ്റക്കാർക്കെതിരെ മുഖം നോക്കാതെ നടപടിയെടുക്കുന്ന ഗവണ്മെന്റാണിത്. നിരവധി സാമൂഹ്യവിരുദ്ധരെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞു. ധനസ്ഥിതി മെച്ചപ്പെടുത്താൻ കഴിഞ്ഞു. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചു. വരുമാനം വർദ്ധിപ്പിക്കുകയും റവന്യൂ ചെലവ് ചുരുക്കുകയും സമ്പദ്ഘട നയെ ശക്തിപ്പെടുത്തുകയും ചെയ്തു. കർഷക ആത്മഹത്യകൾ ഇല്ലാ താക്കി.

ശ്രീ. വി. ഡി. സതീശൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനം രൂക്ഷമായ കടക്കെണിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. വാണിജ്യ നികുതിയിനത്തിൽ വരുമാന വർദ്ധനവുണ്ടായി എന്നുള്ള വാദം പൊള്ളയാണെന്ന് മുൻവർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ കാണാൻ കഴിയും. സംസ്ഥാനത്ത് ഏറ്റവും രൂക്ഷമായ വിലക്കയറ്റമു ണ്ടായത് കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലാണ്. നിത്യോപയോഗ സാധനങ്ങൾക്ക് 100 ശതമാനം വരെ വിലവർദ്ധനവുണ്ടായി. നാണ്യപ്പെരുപ്പം ഏറ്റവും കൂടുതലുണ്ടായ കാലഘട്ടമായിരുന്നു അത്. ഇന്റർനാഷണൽ മാർക്കറ്റിൽ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിച്ചപ്പോൾ അതിന്റെ ലാഭമുണ്ടായത് സംസ്ഥാന സർക്കാരിനാണ്. Amnesty സ്കീം പ്രകാരം മുൻവർഷങ്ങളിൽ അടയ്ക്കേണ്ട നികുതി കുടിശ്ശികയാണ്. സംസ്ഥാന നികുതി വരുമാനത്തിന്റെ വളർച്ചാനിരക്ക് വളരെ മോശമായ നിലയിലാണ്. ധനകാര്യ വകുപ്പിന്റെ അശാസ്ത്രീയമായ സമീപനവും സമയോചിതമായ ഇടപെടലില്ലായ്മയുമാണ് സംസ്ഥാനത്ത് വിലവർദ്ധനവിനുള്ള പ്രധാന

കാരണം. നാലു ശതമാനമായിരുന്ന സി.എസ്.ടി. ഓരോ വർഷവും ഓരോ ശതമാനം വച്ച് കുറച്ച് ഇല്ലാതാക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചത് നിത്യോപയോഗ സാധനങ്ങളുൾപ്പെടെയുള്ളവയ്ക്ക് വില വർദ്ധനവ് ഉണ്ടാകാതിരിക്കാനാണ്. സർവീസ് ടാക്സ് പിരിക്കാനുള്ള കേന്ദ്രത്തിന്റെ അവകാശം സംസ്ഥാനത്തിന് തരാമെന്നാണ് ധാരണ. സി.എസ്.ടി.യേയും സംസ്ഥാന സർക്കാർ എതിർക്കുകയാണ് ചെയ്തത്. പെട്രോളിനും ഡീസലിനും വില വർദ്ധിച്ചപ്പോൾ വിലക്കയറ്റം നിയന്ത്രിക്കാൻ കേന്ദ്ര ഗവൺമെന്റ് കസ്റ്റംസ് ഡ്യൂട്ടിയും എക്സൈസ് ഡ്യൂട്ടിയും ഇളവ് ചെയ്തു. ഇന്റർനാഷണൽ മാർക്കറ്റിൽ എണ്ണവില കുറഞ്ഞപ്പോൾ ഇൻഡ്യയിൽ പെട്രോളിനും ഡീസലിനും വില കുറച്ചു. അപ്പോൾ സംസ്ഥാനം വീണ്ടും നികുതി വർദ്ധിപ്പിക്കുകയുണ്ടായി. യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് ജീവൻരക്ഷാ മരുന്നുകൾക്ക് ടാക്സ് വേണ്ടെന്നു വച്ചിരുന്നുവെങ്കിൽ ഇപ്പോൾ അത് ഉപഭോക്താവിൽ നിന്ന് ഈടാക്കുകയാണ് ചെയ്യുന്നത്. കേന്ദ്ര ഗവൺമെന്റ് നികുതി ഘടനകൾ പരിഷ്കരിക്കാനും ആവശ്യമായ മാറ്റങ്ങൾ വരുത്താനും ചില നിർദ്ദേശങ്ങൾ കൊണ്ടുവരുമ്പോൾ അതിന് വിരുദ്ധമായ നിലപാടുകളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. ലോകം മുഴുവനും സാമ്പത്തിക മാന്ദ്യത്തിന്റെ പിടിയിലമർന്നപ്പോൾ ഏഴെട്ട് ശതമാനം വളർച്ചാ നിരക്കുണ്ടാകുമെന്ന് ഉറപ്പ് പറയാനും രാജ്യത്തെ സാമ്പത്തികമായ പുരോഗതിയിലേയ്ക്ക് മുന്നോട്ട് കൊണ്ടുപോകാനും കേന്ദ്ര സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മതികെട്ടാൻമലയെക്കുറിച്ച് ആക്ഷേപമുണ്ടായപ്പോൾ റവന്യൂ വകുപ്പ് അത് വനം വകുപ്പിന് കൈമാറുകയും മുഴുവൻ അനധികൃത കയ്യേറ്റങ്ങളും ഒഴിപ്പിച്ച് ജണ്ടകെട്ടി തിരിച്ച് നാഷണൽ പാർക്കായി പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ മൂന്നാറിൽ ഇതുവരെ ഒരു അനധികൃത

കയ്യേറ്റവും ഒഴിപ്പിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല. റവന്യൂ വകുപ്പ് സമയബന്ധിതമായി സ്ഥലം ഏറ്റെടുത്ത് കൊടുക്കാത്തതുമൂലം സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളാകെ സ്തംഭനാവസ്ഥയിലാണെന്നുമാത്രമല്ല സർവേ നടത്താനും കഴിയുന്നില്ല. പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട ദുരിതാശ്വാസ പ്രവർത്തനങ്ങളും അവതാളത്തിലായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സംസ്ഥാനം കടക്കെണിയിലേയ്ക്ക് പോകുന്നുവെന്ന് പറയുന്നത് ശരിയല്ല. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 49,875 കോടി രൂപയായിരുന്ന കടം ഇപ്പോൾ 68,111 കോടി രൂപയായി. സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനമാണ് കടം വരുന്നതെന്നാണ് നോക്കേണ്ടത്. കടം തിരിച്ചടയ്ക്കാനുള്ള കഴിവ് സംസ്ഥാനത്തെ റവന്യൂ വരുമാനത്തെ ആശ്രയിച്ചാണിരിക്കുന്നത്. പലിശയാണ് സർക്കാരിന് കൂടുതൽ ഭാരമുണ്ടാക്കുന്നത്. സംസ്ഥാനം മൊത്തത്തിൽ കൊടുക്കേണ്ടി വരുന്ന പലിശ സാമ്പത്തിക വളർച്ചയേക്കാൾ താഴ്ന്നതാണെങ്കിൽ കടക്കെണിയിൽപ്പെടില്ല. പദ്ധതിയേതര ചെലവ് കൂടുന്നു, പദ്ധതി ചെലവ് കുറയുന്നുവെന്ന പരാമർശം സി.ആന്റ്.എ.ജി റിപ്പോർട്ടിലുണ്ട്. 2007-08-ൽ ശമ്പളപരിഷ്ക്കരണം നടപ്പിലാക്കിയതു കൊണ്ടാണ് പദ്ധതിയേതര ചെലവ് ഉയർന്നത്. വ്യാപാരികൾ സമർപ്പിക്കുന്ന റിട്ടേണുകൾ ശാസ്ത്രീയമായി പരിശോധിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചതിലൂടെ നികുതി വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചു. മുഴുവൻ വ്യാപാരികളും ഇ-ഫയലിംഗിലൂടെ റിട്ടേൺ സമർപ്പിക്കുന്ന ആദ്യത്തെ സംസ്ഥാനമാണ് കേരളം. സെപ്റ്റംബർ മാസം മുതൽ ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തുകയാണ്. സ്റ്റാറ്റ്യൂട്ടറി ഫോമുകൾ കമ്പ്യൂട്ടറിൽ ഡൗൺലോഡ് ചെയ്ത് ലഭ്യമാക്കും. കമ്പ്യൂട്ടർ ഇൻഫർമേഷൻ മാനേജ്

ചെയ്യുന്നതിന് 203 ജീവനക്കാരെ ട്രഷറി വകുപ്പിൽ നിന്ന് ഇതിനായി നിയോഗിച്ചിട്ടുണ്ട്. ഇത് പൂർണ്ണമായി നടപ്പിലാക്കിയാൽ നികുതി വരുമാനം ഇനിയും വർദ്ധിക്കും. പുതിയ നിയമം വരുന്നതോടുകൂടി ഡബിൾ ടാക്സേഷൻ ഒഴിവാകും. വ്യാപാരികളുടെയും മറ്റും പ്രയാസങ്ങൾ ലഘൂകരിക്കാനുള്ള നടപടിയെടുക്കും. ധനനയത്തിൽ കേന്ദ്ര ഗവൺമെന്റിനുള്ള ഫ്ളെക്സിബിലിറ്റി സംസ്ഥാനത്തിനില്ല. വിലക്കയറ്റത്തിനും മാന്ദ്യത്തിനുമെതിരായി നികുതിയിളവ് കൊടുക്കുന്നതിനോട് യോജിപ്പില്ല. ആളുകളുടെ കൈവശം പണം വരാൻ പറ്റുന്ന വിധത്തിൽ സർക്കാരിന്റെ ചെലവ് വർദ്ധിപ്പിക്കുകയാണ് വേണ്ടത്. കേര കൃഷിക്കാർക്ക് പൂർണ്ണമായി നികുതിയിളവ് നൽകിയത് ഈ സർക്കാരാണ്. അവശ്യ മരുന്നുകൾക്ക് നികുതിയിളവ് നൽകിയതുകൊണ്ട് മരുന്ന് കമ്പനികൾക്കു മാത്രമാണ് നേട്ടമുണ്ടാകുന്നതെന്നതുകൊണ്ടാണ് മറ്റ് മരുന്നുകൾക്കുള്ളതുപോലെ നികുതി ഏർപ്പെടുത്തിയത്. ജനങ്ങളുടെ പർച്ചെയ്സിംഗ് കപ്പാസിറ്റി കൂട്ടുന്നതിനായി 5000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിരിക്കുകയാണ്. രണ്ട് രൂപയ്ക്ക് അരി കൊടുക്കുമെന്നുള്ള ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കി. എല്ലാ പെൻഷൻകാർക്കും 250 രൂപ മിനിമം പെൻഷൻ നൽകുന്നതിനുള്ള നടപടികളുമായി മുന്നോട്ട്പോയിക്കൊണ്ടിരിക്കുകയാണ്. കടാശ്വാസ പദ്ധതിയുടെ ആനുകൂല്യങ്ങൾ മത്സ്യത്തൊഴിലാളികൾക്കും നൽകാൻ പോവുകയാണ്. എല്ലാ ഡിപ്പാർട്ടുമെന്റുകളുടേയും പ്രവർത്തനത്തിൽ നല്ല പുരോഗതിയുണ്ടായിട്ടുണ്ട്. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): മെമ്പർമാർ ഉന്നയിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഗൗരവപൂർവ്വം പരിഗണിക്കുന്നതാണ്. അലിഗഢ് സർവ്വകലാശാലയുടെ ഓഫ് കാമ്പസ് മലപ്പുറം ജില്ലയിൽ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും 397 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ സർവ്വകലാശാലയ്ക്ക് സ്ഥലമെടുത്ത് കൊടുക്കാമെന്ന് കേന്ദ്രഗവൺമെന്റിനെ അറിയിക്കുകയും സെപ്റ്റംബർ മാസത്തോടുകൂടി ക്ലാസ് തുടങ്ങാൻവേണ്ടി വാടകയ്ക്ക് കെട്ടിടമെടുത്ത് കൊടുക്കുകയും ചെയ്തതിനെത്തുടർന്ന് വൈസ്ചാൻസലറെ നിയമിച്ചിരിക്കുകയാണ്. സുനാമി പദ്ധതികൾ നടപ്പാക്കുന്നതിന് 31-12-2009 വരെ കേന്ദ്രഗവൺമെന്റ് സമയം അനുവദിച്ചിരിക്കുകയാണ്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടുണ്ടായ കാലതാമസം കാരണമാണ് ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ പോയത്. നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയിൽ ഇതുസംബന്ധിച്ച് നിലനിന്നിരുന്ന കേസ്സുകളിന്മേൽ സർക്കാരിന് അനുകൂലമായ വിധിയുണ്ടായതിന്റെ ഫലമായി ഫാസ്റ്റ് ട്രാക്കിൽ ഭൂമി ഏറ്റെടുക്കുകയാണ്. ആറാട്ടുപുഴയിൽ ഹൗസിംഗ് ബോർഡ് നിർമ്മിച്ച 51 വീടുകളുടെ താക്കോൽ ദാനം മുഖ്യമന്ത്രി നടത്തുകയുണ്ടായി. വീടുകൾ പണിയുന്നതിന് വിവിധ സ്ഥാപനങ്ങളുമായി എം.ഒ.യു ഒപ്പുവയ്ക്കുകയും വർക്കുകൾ മോണിറ്റർ ചെയ്യാൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സുനാമി ബാധിത പ്രദേശത്തെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ കഴിയുന്ന തരത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി പണികൾ പൂർത്തീകരിക്കും അംഗൻവാടി, സ്കൂൾ, ആശുപത്രി, കടൽഭിത്തി എന്നിവ

യുടെ നിർമ്മാണം പുരോഗതിയിലാണ്. ആഗസ്റ്റ് മാസം 31-ാം തീയതിക്കകം TEAP-ന്റെ നിർമ്മാണപ്രവർത്തനം പൂർത്തിയാക്കും. 52 കോടി രൂപയുടെ കുടിവെള്ള പദ്ധതി ഉദ്ഘാടനത്തിന് തയ്യാറായിട്ടുണ്ട്.. TRP-യുടെ നിർമ്മാണ ജോലികളും രണ്ടുമൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കും. സുനാമിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് കേന്ദ്രത്തിൽനിന്ന് വേണ്ടത്ര പണം ലഭിച്ചില്ല. നിരന്തരമായി കാലവർഷക്കെടുതി നേരിടുന്ന സംസ്ഥാനമെന്ന നിലയിൽ കേന്ദ്ര സർക്കാർ എൻ.സി.സി.എഫ്-ൽനിന്നും നിശ്ചിത തുക കേരളത്തിലെ ദുരന്ത നിവാരണത്തിന് നൽകണമെന്ന് ആവശ്യപ്പെടാൻ ഉദ്ദേശിക്കുകയാണ്. സംസ്ഥാനത്തെ എം.പി മാരുടെകൂടി സഹകരണത്തോടെ അതിനുള്ള പരിശ്രമം നടത്തുന്നതാണ്. സി.ആർ.എഫ് -ൽ നിന്ന് കിട്ടുന്ന തുകയിൽനിന്നാണ് പ്രകൃതിക്ഷോഭത്തിനിരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നത്. 222 കോടി രൂപയുടെ കുടിശ്ശിക കൊടുത്തു തീർത്തു. ബാക്കിയുള്ള 30 കോടി രൂപ ആഗസ്റ്റ് മാസം കൊടുത്തു തീർക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ നാഷണൽ ഡിസാസ്റ്റർ സ്കീമുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടക്കുകയാണ്. യു.എൻ.ഡി.പി.-യിൽനിന്നും 3.15 കോടി രൂപ ലഭിച്ചു. 197 കോസ്റ്റൽ വില്ലേജുകളിൽ ദുരന്ത നിവാരണ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാനും ജില്ലാ പ്ലാനും അതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്. ചുഴലിക്കാറ്റിന് സാദ്ധ്യതയുള്ള സംസ്ഥാനം എന്ന രീതിയിൽ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് സമർപ്പിച്ച പ്രോജക്ടിന് അനുകൂലമായ തീരുമാനമുണ്ടായിട്ടുണ്ട്. 19 മിനി സിവിൽസ്റ്റേഷനുകൾക്കും വില്ലേജ് ആഫീസുകൾക്കും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ജൂലായ് മാസം

മദ്ധ്യത്തോടുകൂടി എ.എസ്. കൊടുക്കാൻ തീരുമാനം എടുത്തിട്ടുണ്ട്. ഇടിമിന്നലിൽ മരിക്കുന്നവരുടെ കുടുംബത്തിനും കാലവർഷക്കെടുതി എന്ന നിലയിൽ ഒരു ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. ഭൂപരിഷ്ക്കരണ നിയമത്തിൽ ഒരു തുണ്ടുഭൂമി, ഒരു കൊച്ചുവീട് എന്ന പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. കയ്യേറ്റം ഒഴിപ്പിച്ച മിച്ചഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കാൻ കഴിഞ്ഞു. ഏകദേശം 78000 കുടുംബങ്ങൾക്ക് പട്ടയം, കൈവശാവകാശ രേഖ, ഭൂമിയില്ലാത്തവർക്ക് ഭൂമി എന്നിവ കൊടുത്തു. സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ നല്ലൊരു പങ്കും ലാന്റ് ബാങ്കിൽ സംരക്ഷിക്കുകയാണ്. നിയമത്തിന്റെ അടിസ്ഥാനത്തിൽ ഭൂരഹിതരായ തോട്ടം തൊഴിലാളികൾ ഉൾപ്പെടെയുള്ള പാവപ്പെട്ടവർക്ക് ഭൂമി കൊടുക്കാൻ തീരുമാനിച്ചു. പാട്ട വ്യവസ്ഥ ലംഘിച്ചവരുടെ ഭൂമി ഏറ്റെടുത്ത് കാംകോയുടെ പ്രോജകടിനും സിയാൽ-ന്റെ ഇന്റർനാഷണൽ സ്റ്റാൻഡേർഡുള്ള ഏവിയേഷൻ അക്കാഡമിക്കും നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. ഐ.ടി. വകുപ്പിന് സംസ്ഥാന സർക്കാർ കൊടുത്ത മദുരാ കോട്സിന്റെ 30 ഏക്കർ ഭൂമിയിൽ നവംബർ മാസം പുതിയ കമ്പനി പ്രവർത്തനം തുടങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഭൂമിയുടെ വിനിയോഗവും സംരക്ഷണവും സംബന്ധിച്ച ലാന്റ് പോളിസിയുടെ കരട് പ്രസിദ്ധീകരിച്ചു. ഭൂസർവ്വേ പൂർത്തിയാക്കാനുള്ള നടപടി ആരംഭിച്ചു. ഭൂമി കേരളം പ്രോജക്ട് തയ്യാറാക്കി കേന്ദ്ര സർക്കാരുമായി എം.ഒ.യു.-ൽ ഒപ്പുവച്ചു. റീസർവ്വേ പൂർത്തിയാക്കാനും വനാവകാശ നിയമം അനുസരിച്ച് ആദിവാസികളുടെ ഭൂമി അളക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സർവേ വകുപ്പിൽ 460-ഓളം ജീവനക്കാരെ പുതുതായി നിയമിക്കുകയും അവർക്ക് ആധുനിക രീതിയിലുള്ള ട്രെയിനിംഗ് നൽകുകയും ചെയ്യുന്നുണ്ട്. എൻ.ആർ.എൽ.എം.പി. മുഖേന നാലര കോടി രൂപ കേന്ദ്ര ഗവൺമെന്റ്

അനുവദിച്ചിട്ടുമുണ്ട്. മലയോര കർഷകരുടെ പട്ടയവുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ നിലവിലുള്ള കേസുകളിൽ ശരിയായ അഫിഡവിറ്റ് കൊടുക്കുന്നതിൽ കാലതാമസം വന്നുവെങ്കിലും ഈ ഗവൺമെന്റ് അഫിഡവിറ്റ് കൊടുത്തതിന്റെ ഫലമായി 28558 ഹെക്ടർ ഭൂമിക്ക് പട്ടയം നൽകാനും വിതരണം ചെയ്യാനുമുള്ള അനുമതി ലഭിച്ചിട്ടുണ്ട്. 10,000 ഹെക്ടർ വനഭൂമി പരിഹാര വനവൽക്കരണത്തിന് വിട്ടുകൊടുത്താൽ അതിനുകൂടി പട്ടയം കൊടുക്കാമെന്നും തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. റാന്നി, ഉടുമ്പൻചോല, തൃശൂർ ജില്ലയിലെ മലയോര പ്രദേശങ്ങൾ, പാലക്കാട്, വയനാട് എന്നിവിടങ്ങളിലാണ് ഇതനുസരിച്ച് ഭൂമി വിതരണം ചെയ്യാനുള്ള അനുവാദം കിട്ടിയിട്ടുള്ളത്. മറ്റ് ജില്ലകളിലെ ഭൂമി കൂടി വിതരണം ചെയ്യാനുള്ള അനുവാദം തേടുന്നതാണ്. 1977 ജനുവരി ഒന്നിന് മുമ്പ് ഭൂമി കൈവശമുള്ള അർഹതപ്പെട്ട മലയോര കർഷകർക്ക് പട്ടയം കൊടുക്കാൻ കഴിയും. 2009 നവംബർ ഒന്നിന് മുമ്പ് പ്രശ്നങ്ങൾ പരിഹരിച്ച് മലയോര കർഷകർക്ക് പട്ടയം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ലാന്റ് ബോർഡ് പുന:സംഘടിപ്പിച്ചുകൊണ്ട് മിച്ചഭൂമി സംബന്ധിച്ച കേസ്സുകൾ ട്രയൽ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ നിയമവശം ആലോചിച്ച് ഗവൺമെന്റ് തീരുമാനമെടുക്കും. റിവർ മാനേജ്മെന്റ് ഫണ്ട് ചെലവഴിക്കപ്പെടാതെ കിടക്കുന്നുണ്ട്. 79.59 കോടി രൂപയ്ക്കുള്ള 431 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുകയും ഭാരതപ്പുഴയെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നിരവധി പ്രോജക്ടുകൾ പുരോഗമിച്ചുകൊണ്ടുമിരിക്കുന്നുണ്ട്. നിയമസഭാ സാമാജികർ അവരവരുടെ മണ്ഡലത്തിൽ ഈ പദ്ധതിയിൻകീഴിൽ വരുന്ന പ്രോജക്ടുകൾ സമർപ്പിച്ചാൽ സ്റ്റേറ്റ്തല വിദഗ്ദ്ധ കമ്മിറ്റി പരിശോധിച്ച് ഭരണാനുമതി നൽകു

ന്നതാണ്. കേരളത്തിൽ മണലിന്റെ ലഭ്യത വളരെക്കുറവാണ്. നിലവിലുള്ള നിയമത്തിന് വിധേയമായി മാത്രമേ മണൽ എടുക്കുവാൻ സാധിക്കുകയുള്ളൂ. മണൽ മാഫിയാ പ്രശ്നമുള്ളതുകൊണ്ട് നിലവിലുള്ള നിയമത്തിൽ ഭേദഗതികൾ വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഭവന നിർമ്മാണ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലകളിൽ ആരംഭിച്ച 'കലവറ' സ്ട്രെങ്ത്തൻ ചെയ്ത് അന്യസംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞ നിരക്കിൽ മണൽ കൊണ്ടുവന്ന് സംസ്ഥാനത്തെ നിർമ്മാണമേഖലയ്ക്ക് വിതരണം ചെയ്യാൻ കഴിയുമോ എന്ന് ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്. പഴയ നിയമമനുസരിച്ച് ലാന്റ് അക്വിസിഷൻ നടത്തുമ്പോൾ വളരെ കാലതാമസം വരികയും ലാന്റ് അക്വയർ ചെയ്യുന്ന പ്രദേശങ്ങളിലെ ഭൂ ഉടമകൾക്ക് കൊടുക്കുന്ന വില തുച്ഛമാകുകയും ചെയ്യുന്ന അവസ്ഥയ്ക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു. ദേശീയപാത വികസനമുൾപ്പെടെ നിരവധി വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ ന്യായമായ വില ഉടമസ്ഥർക്ക് നൽകേണ്ടതുണ്ട്. വീടും ചെറിയ വ്യാപാര സ്ഥാപനങ്ങളും നഷ്ടപ്പെടുന്നവരെ പുന:രധിവസിപ്പിക്കുവാൻ സാമൂഹ്യസുരക്ഷാ പുനരധിവാസ പദ്ധതി നടപ്പാക്കാൻ ആവശ്യമായ ഫണ്ട് കണ്ടെത്തിയാൽ മാത്രമേ ഫാസ്റ്റ് ട്രാക്കിലൂടെയെങ്കിലും ഭൂമി കണ്ടെത്താൻ കഴിയുകയുള്ളൂ. അതിന് ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാ ഭാഗത്തുനിന്നുമുള്ള സഹകരണം ഉണ്ടാകണം. ജീവനക്കാരുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ധനകാര്യ വകുപ്പു മന്ത്രിയുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്. പുതിയ വില്ലേജ്, താലൂക്ക് സബ്-ഡിവിഷൻ രൂപീകരണത്തെ സംബന്ധിച്ച് നയപരമായി തീരുമാനിക്കുന്നതാണ്. സർക്കാരിന്റെ വിവിധ ഭവന നിർമ്മാണ പദ്ധതി

കളിൽ ഉൾപ്പെടുത്തി ഭൂരഹിതർക്കും വീടില്ലാത്തവർക്കും വീട് വച്ച് നൽകണമെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നയം. ചെങ്ങറ ഭൂ സമര നേതാക്കളുമായും സംഘടനകളുമായും മുഖ്യമന്ത്രി രണ്ട് പ്രവശ്യം ചർച്ച നടത്തുകയും 5000 കോടി രൂപയുടെ പദ്ധതി അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ തലങ്ങളിൽ യോഗങ്ങളും ചർച്ചകളും നടക്കുന്നു ണ്ടെങ്കിലും തീരുമാനത്തിലെത്താൻ സാധിക്കാത്തതുകൊണ്ട് എല്ലാവരുമായി ചർച്ച ചെയ്ത് പ്രശ്നപരിഹാരം കാണാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയും പ്രകൃതി ക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 25-നെതിരെ 73 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.55-ന് പിരിഞ്ഞു.